I ഇ.ബി. XII-കേരള നിയമസഭ /IV-7

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം
(ചോദ്യോത്തരങ്ങൾ ഒഴികെ)

2007 മാർച്ച് 12, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിരപ്രമേയം.

### ചോദ്യപേപ്പർ ചോർച്ച

മി. സ്പീക്കർ: എസ്.എസ്.എ. പരീക്ഷയുടെ ചോദ്യക്കടലാസ് വിതരണത്തിനായി കൊണ്ടുപോകും വഴി പരപ്പനങ്ങാടിയിലും ആലപ്പുഴയിലെ കൊറ്റംകുളങ്ങരയിലും ചിതറിവീണതുമൂലം വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ഉണ്ടായിട്ടുള്ള ഉൽക്കണ്ഠയും പ്രതിഷേധവുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കെ.സി. വേണുഗോപാൽ, കെ.കുട്ടി അഹമ്മദ് കുട്ടി, തോമസ് ചാഴികാടൻ, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സര്‍വ്വശിക്ഷാ അഭിയാന്‍ പദ്ധതിപ്രകാരം സംസ്ഥാനത്തൊട്ടാകെ നടത്തുന്ന പഠനപരിപാടി വിദ്യാര്‍ത്ഥികള്‍ക്ക് എത്രമാത്രം ഫലപ്രദമായി ഉള്‍ക്കൊള്ളാന്‍ കഴിഞ്ഞു എന്ന് പരിശോധിക്കാന്‍വേണ്ടി, ജില്ലാതലത്തില്‍ ഈ പദ്ധതി നടപ്പാക്കുന്നതിന് നേതൃത്വം കൊടുക്കുന്നവര്‍ തയ്യാറാക്കുന്ന ചോദ്യപേപ്പറുകള്‍ സംസ്ഥാനതലത്തില്‍ അച്ചടിച്ച് ജില്ലകളില്‍ വ്യത്യസ്ത സമയങ്ങളിലായി പരീക്ഷ നടത്തുന്ന സമ്പ്രദായം സംബന്ധിച്ച് 2005-06 അക്കാഡമിക് വര്‍ഷത്തിന്റെ അവസാനം അദ്ധ്യാപക സംഘടനാ നേതാക്കളുടെയും പൊതുവിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗത്തില്‍ വച്ച് തീരുമാനമെടുത്തിരുന്നു. മുന്‍ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് തീരുമാനിച്ച പദ്ധതി ഈ ഗവണ്മെന്റിന്റെ കാലത്ത് നടപ്പാക്കി. 2005-ല്‍ എസ്.എസ്.എല്‍.സി.-യുടെ മാതൃകാചോദ്യപേപ്പര്‍ ചോര്‍ന്നതിനെത്തുടര്‍ന്നാണ് എസ്.എസ്.എല്‍.സി. പൊതു പരീക്ഷയുടെ ചോദ്യപേപ്പറും ചോര്‍ന്ന ദൗര്‍ഭാഗ്യകരമായ സ്ഥിതിവിശേഷമുണ്ടായത്. അന്ന് അതുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് നടത്തിയ അന്വേഷണത്തെക്കുറിച്ചും സി.ബി.ഐ. അന്വേഷണത്തെക്കുറിച്ചും ഹൈക്കോടതി നടത്തിയിട്ടുള്ള അഭിപ്രായപ്രകടനത്തെക്കുറിച്ചുമെല്ലാം ചര്‍ച്ച ചെയ്യുന്ന അവസരത്തില്‍, എസ്.എസ്.എല്‍.സി. പരീക്ഷ എഴുതാന്‍ പോകുന്ന വിദ്യാര്‍ത്ഥികളുടെ ആശങ്ക കണക്കിലെടുത്ത് ആത്മസംയമനം പാലിക്കേണ്ടതാണ്. മാര്‍ച്ച് 14-ാം തീയതി നടക്കുന്ന എസ്.എസ്.എല്‍.സി. പരീക്ഷ കുറ്റമറ്റ വിധത്തില്‍ നടത്തുന്നതിനുള്ള

നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുന്നതാണ്. മൂന്ന് ഘട്ടങ്ങളിലായി നടത്തുന്ന എസ്.എസ്.എ. പരീക്ഷ കെ.ഇ.ആർ. പ്രകാരം ഓരോ സ്ക്കൂളുകളിലും ഹെഡ്മാസ്റ്റർമാരുടെ നേതൃത്വത്തിൽ അവിടത്തെ അധ്യാപകരുടെ സഹായത്തോടെയാണ് നടത്തേണ്ടത്. ഓരോ പരീക്ഷയ്ക്കും വേണ്ട ചോദ്യപേപ്പർ അവർ തന്നെ തയ്യാറാക്കി പരീക്ഷ നടത്തുകയും അവർ തന്നെ മൂല്യനിർണ്ണയം നടത്തുകയുമാണ് ചെയ്യുന്നത്. ഒന്നാം ക്ളാസ്സിൽ ചേരുന്ന മുഴുവൻ കുട്ടികളേയും രണ്ടാം ക്ളാസ്സിലേയ്ക്കും രണ്ടാം ക്ളാസ്സ് മുതൽ ആറാം ക്ളാസ് വരെ 80 ശതമാനം കുട്ടികളേയും ഏഴാം ക്ളാസ് മുതൽ 9–ാം ക്ളാസ് വരെ 90 ശതമാനം കുട്ടികളെയും വിജയിപ്പിക്കണമെന്നാണ്. 2005-06 വർഷത്തിൽ ഓരോ സ്ക്കൂളിനുമുള്ള ബുദ്ധിമുട്ടുകളും പാഠ്യപദ്ധതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട പുതിയ സാഹചര്യവും കണക്കിലെടുത്ത് മുൻ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് അദ്ധ്യാപക സംഘടനാ നേതാക്കന്മാരെയും വിദ്യാഭ്യാസ വിദഗ്ദ്ധരേയും വിളിച്ച് ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എ.–യിൽ നിന്ന് ലഭിക്കുന്ന പണത്തിന്റെ ഒരു വിഭാഗം മാറ്റിവച്ച് സംസ്ഥാനതലത്തിൽ ചോദ്യപേപ്പറുകൾ അച്ചടിച്ച് സ്ക്കൂളുകൾക്ക് ലഭ്യമാക്കി അവർ പരീക്ഷ നടത്തണമെന്ന് തീരുമാനമെടുത്തിരുന്നു. ആ തീരുമാനം നടപ്പാക്കേണ്ട ഉത്തരവാദിത്വം പിന്നീട് അധികാരത്തിൽ വന്ന ഇടതുപക്ഷജനാധിപത്യമുന്നണി ഗവണ്മെന്റിനായിരുന്നു. അതനുസരിച്ചാണ് ചോദ്യപേപ്പറുകൾ സംസ്ഥാനതലത്തിൽ അച്ചടിച്ച് വിതരണം ചെയ്തത്. ഈ

സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി ഉത്തരവാദികളായ പരപ്പനങ്ങാടി റിപ്രോഗ്രാഫിക് സെന്ററിൽ നിന്ന് ചോദ്യപേപ്പർ കെട്ടുമായി പോയ ഷിബു, ബിജു, കരിയിലക്കുളങ്ങരയിലുള്ള വാഹനത്തിൽ സഞ്ചരിച്ചിരുന്ന സ്റ്റോർ കീപ്പർ അൻസാർ, സ്റ്റോർ അസിസ്റ്റന്റ് സതീഷ്കുമാർ, സഹായിയായ ജോസ് എന്നിവരെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. മലപ്പുറത്തു വച്ച് വാഹനത്തിലുണ്ടായിരുന്ന ഡ്രൈവറുടെ സഹായിയായ ഉണ്ണി എന്നയാളെ ചോദ്യം ചെയ്തുവരുന്നു. പുറത്തായ ചോദ്യപേപ്പറുകൾ റദ്ദാക്കി പുതിയ ചോദ്യപേപ്പറുകൾ അച്ചടിച്ച് സമയബന്ധിതമായി പരീക്ഷ നടത്താനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u>: വളരെ ലാഘവത്തോടുകൂടി ഈ വിഷയത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി കൈകാര്യം ചെയ്തത് ദൗർഭാഗ്യകരമാണ്. എൽ.കെ.ജി.യിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾപോലും പരീക്ഷയെക്കുറിച്ച് ആശങ്കയിൽ നിൽക്കുന്ന സ്ഥിതിയാണ് ഇന്ന് കേരളത്തിലുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് പരീക്ഷാ ചോദ്യപേപ്പർ ചോർന്ന സമയത്ത് ക്രൈംബ്രാഞ്ച് അന്വേഷിച്ച് കണ്ടുപിടിച്ച കുറ്റക്കാരെത്തന്നെയാണ് സി.ബി.ഐ.-യും കണ്ടുപിടിച്ചത്. കുറ്റക്കാരെ സംരക്ഷിക്കുന്ന നിലപാടല്ല അന്ന് എടുത്തത്. അത്തരമൊരു സംഭവമുണ്ടായതുകൊണ്ട് ഇനിയെങ്കിലും അത് ആവർത്തിക്കരുതെന്നുള്ള നിശ്ചയദാർഢ്യമാണ് ഗവൺമെന്റ് എടുക്കേണ്ടത്. മൂടിയില്ലാത്ത വണ്ടികളിലാണ്

ചോദ്യപേപ്പറുകൾ കൊണ്ടുപോയത്. പെട്ടിക്കടകളിൽനിന്നുപോലും ചോദ്യ പേപ്പറുകൾ കിട്ടുന്ന തരത്തിലേയ്ക്ക് കേരളത്തിലെ വിദ്യാഭ്യാസ രംഗം മാറിയിരിക്കുകയാണ്. ഇതൊരു പ്രധാനപ്പെട്ട സംഭവമാണ്. ചോദ്യപേപ്പർ കൊണ്ടുപോകാനായി ഉത്തരവാദിത്വമി ല്ലാത്ത റിപ്രോഗ്രാഫിക് സെന്ററിലെ ജീവനക്കാരെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എസ്.എസ്.എ.-യുടെ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസറായി കെ.എസ്.ടി.എ.-യുടെ സംസ്ഥാന പ്രസിഡന്റായ ഒരു എയിഡഡ് സ്ക്കൂൾ അദ്ധ്യാപകനെയാണ് ഡെപ്യൂട്ടേഷനിൽ നിയമിച്ചിരിക്കുന്നത്. പരീക്ഷയുടെ ക്രെഡിബിലിറ്റി നോക്കാതെ ഗവണ്മെന്റിന് താൽപ്പര്യമുള്ളയാളുകളെ സംരക്ഷിക്കുന്ന നിലപാടാണ് ഗവണ്മെന്റ് സ്വീകരിക്കുന്നത്. കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി. ചോദ്യപേപ്പർ അച്ചടിച്ച സ്വകാര്യ ഏജൻസിയെത്തന്നെയാണ് ഇപ്പോഴും ഏൽപ്പിച്ചിരിക്കുന്നത്. പരീക്ഷാ നടത്തിപ്പുകളെ ലാഘവത്തോടുകൂടി കാണുന്ന സമീപനമാണ് ഈ ഗവണ്മെന്റിന്റെ മുഖമുദ്ര. കേരളത്തിലെ വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും ആശങ്കയുണ്ടാക്കുന്ന ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എസ്.എസ്.എൽ.സി. പരീക്ഷാ ചോദ്യപേപ്പർ ചോർന്നതുമായി ബന്ധപ്പെട്ട് അന്നത്തെ ഗവൺമെന്റിന്റെ ഭാഗത്തുനി ന്നുമുണ്ടായ ഗുരുതരമായ വീഴ്ചകളെ സംബന്ധിച്ച് കേരള ഹൈക്കോടതിപോലും പരാമർശിച്ചിരുന്നു. അക്കാര്യം മറച്ചുവെച്ചു

കൊണ്ടാണ് പ്രതിപക്ഷം ഈ ഗവൺമെന്റിനെ വിമർശിക്കുന്നത്. കേരളത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് വിദ്യാർത്ഥികൾ തയ്യാറെടുക്കുന്ന ഈ സന്ദർഭത്തിൽ ഈ സർക്കാർ കൈക്കൊണ്ട സംവിധാനങ്ങളെ അട്ടിമറിച്ച് വിദ്യാർത്ഥികളിലും രക്ഷകർത്താക്കളിലും സംശയവും ആശങ്കയും സൃഷ്ടിക്കാൻ വേണ്ടിയാണ് പ്രതിപക്ഷം ഈ വാദമുഖങ്ങൾ ഉന്നയിക്കുന്നത്. നിശ്ചയദാർഢ്യത്തോടുകൂടി ശക്തമായ നടപടികൾ കൈക്കൊണ്ടുകൊണ്ട് പൂർണ്ണമായും വിശ്വാസ്യത വീണ്ടെടുത്തുകൊണ്ട് ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് മാസം 14-ാം തീയതി മുതൽ നടത്താൻ പോവുകയാണ്. ചോദ്യപേപ്പർ വഹിച്ചുകൊണ്ടുവരുന്ന വാഹനങ്ങൾ ഓരോ കേന്ദ്രങ്ങളിലും എത്തുന്നതുവരെ പോലീസ് സംരക്ഷണം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ രൂക്ഷ വിമർശനമുണ്ടായതിനുശേഷം കോടതിയുടെ അംഗീകാരത്തോടുകൂടി എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പിന് ഒരു പുതിയ സമ്പ്രദായം കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആവിഷ്ക്കരിച്ചിരുന്നു. അതനുസരിച്ചാണ് ഇപ്പോഴുളള ക്രമീകരണങ്ങൾ നടത്തിയിട്ടുളളത്. കേരളത്തിൽ 3,000-ൽ താഴെ പരീക്ഷാ കേന്ദ്രങ്ങളിലും ഗൾഫിലും ലക്ഷദ്വീപിലും ഈ പരീക്ഷ നടക്കുന്നുണ്ട്. വിദ്യാർത്ഥികൾ ഇരിക്കുന്ന ക്ലാസ്സ് മുറിയിൽ വച്ചാണ് ചോദ്യപേപ്പർ അടങ്ങുന്ന പാക്കറ്റ് തുറന്ന് വിതരണം ചെയ്യുന്നതെന്ന് ആ മുറിയിലെ വിദ്യാർത്ഥികൾ സാക്ഷ്യപ്പെടുത്തി കവറിനുമുകളിൽ ഒപ്പിടുന്ന ഒരു പുതിയ

സംവിധാനം ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ പോവുകയാണ്. ആഭ്യന്തര-വിദ്യാഭ്യാസ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ ഒരുമിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരീക്ഷ തീരുന്നതുവരെ എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും ഉയർന്ന സുരക്ഷാ ക്രമീകരണം ഉറപ്പാക്കിയിട്ടുണ്ട്. അതോടൊപ്പം ഒറ്റപ്പെട്ട സ്കൂളുകളിലെ പരീക്ഷാ കേന്ദ്രങ്ങളിലും സുരക്ഷാ ജാഗ്രത ശക്തമാക്കിയിട്ടുണ്ട്. മാതൃകാ ചോദ്യപേപ്പറുകൾ ചോർന്നത് സംബന്ധിച്ചും എസ്.എസ്.എ. ചോദ്യപേപ്പറുകൾ വഴിയിൽ കിടന്ന സംഭവവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കും ഗവൺമെന്റ് അർഹിക്കുന്ന എല്ലാ ഗൗരവവും കൊടുത്തുകൊണ്ട് അന്വേഷിക്കുകയും അതിനുത്തരവാദികളായവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ഈ സാഹചര്യത്തിൽ സഭാനടപടികൾ നിർത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, ജോസഫ് എം. പുതുശ്ശേരി, സി. ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൻമാർ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നു പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരാകുകയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

(1) വെണ്ടുരുത്തി പാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതിന്റെയും സമാന്തര പാലം നിർമ്മിക്കേണ്ടതിന്റെയും ആവശ്യകത

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: കൊച്ചി നഗരത്തെയും വെല്ലിംഗ്ടൺ ഐലൻഡിനെയും ബന്ധിപ്പിക്കുന്ന വെണ്ടുരുത്തി പാലത്തിൽ 'കമൽ' എന്ന മണ്ണുമാന്തിക്കപ്പൽ 24-02-2007-ന് വന്നിടിച്ചതിന്റെ ഫലമായി പാലത്തിന് ബലക്ഷയമുണ്ടായതുകൊണ്ട് ആ പാലത്തിലൂടെയുള്ള റോഡ് ഗതാഗതം ഭാഗികമായും റെയിൽ ഗതാഗതം പൂർണ്ണമായും നിർത്തിവച്ചിരിക്കുകയാണ്. ഈ പാലത്തിന് സമാന്തരമായി നിർമ്മിക്കാനുദ്ദേശിക്കുന്ന പാലത്തിന്റെ പണികൾ ആരംഭിക്കാൻ യു.ഡി.എഫ്. ഗവൺമെന്റ് മുൻകൈയെടുത്ത് പി.ഡബ്ളിയൂ.ഡി, നാവിക സേന, പോർട്ട് ട്രസ്റ്റ് എന്നീ വിഭാഗങ്ങളെ സംയുക്തമായി നിർമ്മാണച്ചുമതല ഏൽപ്പിച്ചിരുന്നു. പൈലിംഗ് ജോലികൾ ആരംഭിച്ചുവെങ്കിലും 25 പൈലുകൾ ഇനിയും അടിച്ചു തീർക്കാനുണ്ട്. മാത്രമല്ല നാവിക സേന, പോർട്ട് ട്രസ്റ്റ് എന്നീ വിഭാഗങ്ങൾ അവരുടെ വിഹിതം അനുവദിക്കാത്തതിനാൽ ബാക്കിയുള്ള പണികൾ മന്ദഗതിയിലാകുകയും ചെയ്തു. അടിയന്തിരമായി കേന്ദ്ര മന്ത്രിമാരെ പങ്കെടുപ്പിച്ചുകൊണ്ട് മുഖ്യമന്ത്രി ഡൽഹിയിൽ ഉന്നതതല യോഗം വിളിച്ചുചേർക്കുകയും നാവികസേന, പോർട്ട് ട്രസ്റ്റ് എന്നീ വിഭാഗങ്ങളിൽനിന്നും ലഭിക്കേണ്ട വിഹിതം ലഭ്യമാക്കാനാവശ്യമായ അടിയന്തിര ഇടപെടലുകൾ നടത്തുകയും സംസ്ഥാന ഗവൺമെന്റിന്റെ കൈവശമുള്ള റോഡ് ഫണ്ടിൽനിന്നുള്ള പണം തൽക്കാലത്തേയ്ക്ക്

ചെലവഴിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ സമാന്തരപാലം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി.യു. കുരുവിള): 24-02-2007-ന് ഒരു മണ്ണുമാന്തിക്കപ്പൽ ഇടിച്ചതിനെത്തുടർന്ന് കേടുപാടുകൾ സംഭവിച്ച വെണ്ടുരുത്തിപ്പാലത്തിന്റെ അറ്റകുറ്റപ്പണികൾ കൊച്ചിൻ പോർട്ട് ട്രസ്റ്റ് മുഖേന നടത്താൻ തീരുമാനിക്കുകയും പ്രസ്തുത സംഭവത്തെക്കുറിച്ച് ഒരന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. പുതിയ പാലത്തിന്റെ സാദ്ധ്യതാപഠനത്തിന് ഉന്നതതല സാങ്കേതിക സമിതിയെ നിയമിച്ചിട്ടുണ്ട്. മാർച്ച് 2-ന് ഗതാഗതത്തിനായി പാലം തുറന്നുകൊടുത്തുവെങ്കിലും ഇതിലൂടെയുള്ള റെയിൽ ഗതാഗതം പൂർണ്ണമായും പുനരാരംഭിച്ചിട്ടില്ല. 37 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന പുതിയ പാലത്തിന്റെ പണി 1/3 അനുപാതത്തിൽ കേന്ദ്ര നാവിക സേന, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, പി.ഡബ്ളിയു.ഡി. എന്നിവ സംയുക്തമായി ചെയ്യാനാണ് തീരുമാനം. റോഡ് ഫണ്ട് ബോർഡ് ഡെപ്പോസിറ്റ് വർക്കായി ചെയ്തുവരുന്ന പ്രസ്തുത വർക്കിന് ഇതുവരെ കേന്ദ്ര നാവിക സേനയുടേയും കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റേയും ഫണ്ട് ലഭ്യമായിട്ടില്ല. ആവശ്യമായപക്ഷം ഇതിനായി ഉന്നതതല യോഗം വിളിച്ചുകൂട്ടാൻ സർക്കാർ തയ്യാറാണ്. പാലത്തിന്റെ പണിക്കുവേണ്ടി പി.ഡബ്ളിയു.ഡി.യുടെ വിഹിതമായി 12 കോടി രൂപ ഇതിനോടകം ചെലവഴിച്ചുകഴിഞ്ഞു.

(2) നെൽപ്പാടങ്ങളുടെ സംരക്ഷണത്തിന് നിയമനിർമ്മാണം

ശ്രീ. ബി. രാഘവൻ: കാൽനൂറ്റാണ്ടുകൊണ്ട് 5 ലക്ഷം ഹെക്ടറോളം നികത്തപ്പെട്ട കേരളത്തിലെ നെൽപ്പാടങ്ങൾ അന്യംനിന്നു പോകുന്ന അവസ്ഥ സംജാതമാവുകയാണ്. ഇപ്പോൾ കേരളത്തിൽ ഏതാണ്ട് രണ്ടേമുക്കാൽ ലക്ഷം ഹെക്ടറോളം നെൽപ്പാടങ്ങൾ മാത്രമേ അവശേഷിക്കുന്നുള്ളൂ. റിയൽ എസ്റ്റേറ്റ് മാഫിയ നെൽപ്പാടങ്ങളിൽ കടന്നാക്രമണവും കയ്യേറ്റവും നടത്തിക്കൊണ്ടിരിക്കുകയാണ്. നെൽപ്പാടങ്ങൾ നികത്തപ്പെടുമ്പോൾ കുടിവെള്ളത്തിന്റെ ദൗർലഭ്യം, പാരിസ്ഥിതിക പ്രശ്നം എന്നിവ ഉണ്ടാവുകയും പ്രകൃതിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുകയും ഇതുമൂലം സംസ്ഥാനത്ത് രൂക്ഷമായ ഭക്ഷ്യക്ഷാമവും നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവും വരൾച്ചയും ഉണ്ടാവുകയും ചെയ്യുന്നു. ഇക്കാരണങ്ങൾ കൊണ്ടുതന്നെ ഗ്രാമീണജനങ്ങൾ തൊഴിൽരഹിതരാവുകയും പട്ടിണിയിലാവുകയുമാണ്. നെൽപ്പാടങ്ങൾ നികത്തുന്നത് തടഞ്ഞ് കാർഷികമേഖലയെ സംരക്ഷിക്കാൻ നിലവിലുള്ള കെ.എൽ.യു. ആക്ട് ഭേദഗതി ചെയ്യാനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കണം. നിയമനിർമ്മാണം എന്നത്തേയ്ക്കാകുമെന്ന കാര്യവും വ്യക്തമാക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): തുടർച്ചയായി മൂന്ന് വർഷം വരെ കൃഷി ചെയ്യുന്ന ഭൂമിയിലെ ഭക്ഷ്യവിള മാറ്റി മാറ്റകൃഷി ചെയ്യാൻ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിലെ ക്ളാസ് 4 പ്രകാരം ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ 2002-ലെ സർക്കാർ ഉത്തരവ് പ്രകാരം

വീടുവയ്ക്കാൻ 5 സെന്റ് ഭൂമി നികത്താവുന്നതാണ്. തരിശായി കിടക്കുന്ന നെൽപ്പാടങ്ങൾ ഏറ്റെടുത്ത് കുടുംബശ്രീ യൂണിറ്റുകൾ മുഖേന നെൽകൃഷി ചെയ്യാവുന്നതാണ്. ഗതാഗത സൗകര്യമുള്ള സ്ഥലങ്ങളിലെ നെൽപ്പാടങ്ങൾ നികത്തി പ്ളോട്ടുകളായി വ്യാവസായിക/വാണിജ്യാവശ്യങ്ങൾക്കായി വിൽക്കുകയാണ് റിയൽ എസ്റ്റേറ്റ് ബിസിനസ്സ് ലോബികൾ ചെയ്യുന്നത്. നെൽപ്പാടങ്ങളുടെയും പരിസ്ഥിതിയുടെയും സംരക്ഷണത്തിന്റെ ഭാഗമായി പുതിയ ഭൂവിനിയോഗ നയം രൂപീകരിക്കുന്നതിനുവേണ്ടി ശാസ്ത്രജ്ഞർ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഒരു സെമിനാർ നടത്തുകയുണ്ടായി. അതിലെ ശുപാർശകൾ ക്രോഡീകരിച്ചുകൊണ്ട് സംസ്ഥാനത്ത് പുതിയൊരു ഭൂവിനിയോഗ നയം രൂപീകരിക്കുന്നതാണ്. നെൽപ്പാടങ്ങളുടെ സംരക്ഷണത്തിനു വേണ്ടി നിലവിലുള്ള കെ.എൽ.യു. ആക്ട് ഭേദഗതി ചെയ്യുന്നതുൾപ്പെടെയുള്ള ശക്തമായ നിയമനിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രസ്തുത നിയമനിർമ്മാണം എത്രയുംപെട്ടെന്ന് കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ:

### (1) സർക്കാർ സ്ഥാപനങ്ങളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. കെ.സി. വേണുഗോപാൽ: സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

യഥാസമയം വകുപ്പുതലവന്മാർ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല. പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവയെ നോക്കുകുത്തികളാക്കി പിൻവാതിൽ നിയമനമാണ് പല വകുപ്പുകളിലും നടക്കുന്നത്. തസ്തികകൾ യഥാസമയം പി.എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും പി.എസ്.സി. ലിസ്റ്റിലുള്ളവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർക്കാരിന്റെ വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ഒഴിവുകൾ രണ്ടാഴ്ചയ്ക്കകം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം നിലവിലുണ്ട്. കൂടാതെ ഓരോ വർഷവും ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾ കണക്കാക്കി ജൂൺ 30-നകം പി.എസ്.സി.ക്ക് മുൻകൂട്ടി റിപ്പോർട്ട് ചെയ്യണമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത നിയമനാധികാരികളുടെ പേരിൽ കർശനമായ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണ്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതിന്റെ വിശദാംശങ്ങൾ സർക്കാർ തുടർച്ചയായി വിലയിരുത്തുന്നുണ്ട്. സ്പെഷ്യൽ റൂൾ പ്രകാരം പി.എസ്.സി. വഴി നിയമനം നടത്താവുന്ന തസ്തികകളിൽ ദിവസവേതനത്തിൽ ജോലി ചെയ്യുന്നവരെ പിരിച്ചുവിട്ട് പി.എസ്.സി. മുഖേന നിയമനം നടത്താൻ 19-7-2006-ലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(2) <u>ചാവക്കാട് താലൂക്ക് ആശുപത്രിക്ക് പുതിയ ഒ.പി. ബ്ളോക്ക് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. കെ.വി.അബ്ദുൾ ഖാദർ</u>: അഞ്ഞൂറോളം രോഗികളെ കിടത്തി ചികിൽസിക്കാൻ സൗകര്യമുള്ളതും ഒരു ദിവസം ഏതാണ്ട് 150-ഓളം രോഗികൾ ചികിൽസയ്ക്കായി എത്തുന്നതുമായ ചാവക്കാട് താലൂക്ക് ആശുപത്രി അഞ്ച് ഏക്കർ വിസ്തൃതിയിൽ ബ്രിട്ടീഷ് ഭരണകാലത്ത് പണിത കെട്ടിടത്തിൽ പ്രവർത്തിക്കുകയാണ്. പ്രസ്തുത ആശുപത്രിയിൽ യാതൊരുവിധ ചികിൽസാസംവിധാനങ്ങളുമില്ല. ഒ.പി. ബ്ളോക്ക് പണിയുന്നതിന് ഭരണാനുമതി നൽകിയെങ്കിലും തുടർനടപടികൾ യാതൊന്നുമുണ്ടായില്ല. ചാവക്കാട് താലൂക്ക് ആശുപത്രിയിൽ ഒരു ഒ.പി. ബ്ളോക്ക് പണിയുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ)</u>: ഒ.പി. വിഭാഗം, കാഷ്വാലിറ്റി, കിടത്തി ചികിത്സ, ലബോറട്ടറി, എക്സ്റേ, ഓപ്പറേഷൻ തിയേറ്ററുകൾ, മോർച്ചറി, പോസ്റ്റുമോർട്ടം തുടങ്ങി എല്ലാ സൗകര്യങ്ങളുമുള്ള ചാവക്കാട് താലൂക്കാശുപത്രി വളരെ പഴയ ഒരു കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളായി ഒ.പി. ബ്ലോക്ക് പുതിയതായി പണിയണമെന്ന ആവശ്യം ചാവക്കാട് മുനിസിപ്പാലിറ്റി ഉന്നയിച്ചിരുന്നതാണ്. ഈ ബഡ്ജറ്റിൽ അതിനാവശ്യമായ പണമില്ലെങ്കിൽപ്പോലും തീരപ്രദേശമെന്നുള്ള നിലയിൽ ചാവക്കാട് മുനിസിപ്പാലിറ്റിയുടെ പരിധിക്കകത്തു വരുന്ന ആശുപത്രി എന്ന നിലയിൽ ഇതിന് പുതിയ ഒ.പി. ബ്ളോക്ക് പണിയുന്നതിനുള്ള മിനിമം

ഫണ്ട് സുനാമി പദ്ധതിയിലുൾപ്പെടുത്തി ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(3) <u>തലസ്ഥാന നഗരിയിലെ റോഡ് വികസനം</u>

<u>ശ്രീ. വി. ശിവൻകുട്ടി:</u> തലസ്ഥാന നഗരത്തിലെ ഗതാഗതക്കുരുക്കിനു പരിഹാരം കാണാനാകുമെന്നു കരുതപ്പെടുന്ന റോഡ് വികസന പദ്ധതി നിർത്തിവച്ചിരിക്കുകയാണ്. പദ്ധതി നിർവ്വഹണത്തിനുവേണ്ടി രൂപീകരിച്ച തിരുവനന്തപുരം റോഡ് ഡെവലപ്മെന്റ് കമ്പനി ലിമിറ്റഡിനുവേണ്ടി ബി.ഒ.ടി. പദ്ധതി പ്രകാരം പുഞ്ച്ലോയിഡ് കമ്പനി, സി.ടി.എം.എൽ. കമ്പനി എന്നിവയുമായി 2004 ഏപ്രിൽ മാസത്തിൽ സിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം പ്രകാരം സർക്കാർ കരാർ ഒപ്പുവയ്ക്കുകയും 2006 നവംബറിൽ കാലാവധി അവസാനിക്കുകയും ചെയ്തു. 42 കിലോമീറ്റർ റോഡും 4 മേൽപ്പാലങ്ങളും 84 കിലോമീറ്റർ പുതിയ ഓടകളും 94 സബ് വേയും 12 ഹൈമാസ് വിളക്കുകളും 1230 പുതിയ വൃക്ഷങ്ങളും രണ്ട് മീറ്റർ വീതിക്കു പാകിയ നടപ്പാതയും ഐ.ആർ.സി. നിർദ്ദേശപ്രകാരമുള്ള റിഫ്ളക്ടർ സൈൻബോർഡുകളും ഉപഗ്രഹ നിയന്ത്രണ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ട്രാഫിക് സിഗ്നലും അടക്കമുള്ള പദ്ധതികളാണ് ഇതിൽ പ്ലാൻ ചെയ്തിരിക്കുന്നത്. പൂർത്തീകരിച്ച റോഡുകളിൽപ്പോലും ഈ കരാർ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നിട്ടില്ല. സ്ഥലം ഏറ്റെടുക്കുന്നതിന് അനുവദിച്ച 76 കോടി രൂപയിൽ 19 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. കോടിക്കണക്കിനു രൂപ ഖജനാവിനു നഷ്ടപ്പെടുന്ന

ഈ പദ്ധതിയെ സംബന്ധിച്ച് ഗവൺമെന്റ് അന്വേഷിക്കാൻ തയ്യാറാകണം. ബേക്കറി ജംഗ്ഷനിൽ നിരന്തരമായി അപകടം നടക്കുന്നുവെന്നുമാത്രമല്ല, കാൽനടയാത്രക്കാർക്കുപോലും സഞ്ചരിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് മുടങ്ങിക്കിടക്കുന്ന ഈ റോഡ് നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പുനരാരംഭിച്ച് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി.യു.കുരുവിള): 2004 മാർച്ച് 16-ാം തീയതി നിലവിൽ വന്ന കരാർ പ്രകാരം പദ്ധതിക്കാവശ്യമായ സ്ഥലം 2004 ഡിസംബർ 30-ാം തീയതിക്കകം കരാറുകാർക്ക് നൽകേണ്ടതും 2006 നവംബർ 16-ാം തീയതിക്കു മുമ്പായി പണി തീർക്കേണ്ടതുമാണ്. രണ്ട് വർഷത്തിനുള്ളിൽ മൂന്നിലൊന്ന് ഭാഗം സ്ഥലം മാത്രമാണ് കൊടുക്കുവാൻ സാധിച്ചിട്ടുള്ളത്. 25-7-2006-ൽ കരാറുകാരൻ പ്രീക്വാളിഫിക്കേഷൻ നോട്ടീസ് നൽകുകയും ചില നിബന്ധനകൾക്ക് വിധേയമായി ബാക്കി പണികൾ തുടരുന്നതിനുള്ള സന്നദ്ധത അറിയിക്കുകയും ചെയ്തിട്ടുണ്ട്. 11-11-2006-ൽ കൂടിയ ക്യാബിനറ്റ് സബ് കമ്മിറ്റിയുടേയും 20-11-2006-ൽ കൂടിയ ബോർഡിന്റെയും തീരുമാനപ്രകാരം തുടർന്ന് പണി നടത്തുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് ഈ പദ്ധതി മുമ്പോട്ടുകൊണ്ടുപോകുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും

ശുപാർശകൾ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കുവാനും തീരുമാനിച്ചിട്ടുണ്ട്. കരാറുകാരെ നെഗോഷ്യേറ്റ് ചെയ്യാൻ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

(4) പട്ടികജാതി വികസന വകുപ്പ് നൽകിവരുന്ന ഭവനനിർമ്മാണ വായ്പയുടെ വ്യവസ്ഥകൾ

ശ്രീ. കെ.കെ. ഷാജു: കേരളത്തിലെ പാവപ്പെട്ട പട്ടികജാതിക്കാർക്ക് സംസ്ഥാനത്തെ പട്ടികജാതി വകുപ്പുവഴി നേരിട്ട് 70,000 രൂപ വീതം നൽകി വീട് വച്ചുനൽകുന്ന പദ്ധതി അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർ നേരിട്ടു പോയി അന്വേഷിച്ച് ലിസ്റ്റ് തയ്യാറാക്കി 70 ശതമാനം ആളുകൾക്ക് നറുക്കെടുപ്പിലൂടെയും വികലാംഗർ, അഗതികൾ, വിധവകൾ, കാൻസർ പോലെയുള്ള മാരകമായ രോഗങ്ങൾ ബാധിച്ചവർ എന്നീ വിഭാഗത്തിൽപ്പെട്ട 30 ശതമാനം ആളുകളെ തെരഞ്ഞെടുത്തുമാണ് വീടുകൾ നൽകുന്നത്. അപേക്ഷ വാങ്ങിയതിനുശേഷം മന്ത്രിയുടെ ഒരു പ്രത്യേക ഉത്തരവുപ്രകാരം ഗ്രാമസഭകളിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതിക്കാർക്കു മാത്രം വീടുകൾ നൽകിയാൽ മതിയെന്ന് തീരുമാനിച്ച് ഈ പണം ഹൗസിംഗ് ബോർഡിനെ ഏല്പിക്കുന്നത് ശരിയല്ല. ഗ്രാമസഭകൾ ലിസ്റ്റുണ്ടാക്കുകയോ ഗ്രാമസഭകളിലൂടെ മാത്രമേ അപേക്ഷ കൊടുക്കാൻ പാടുള്ളൂ എന്ന് പരസ്യത്തിൽ പറയുകയോ ചെയ്യാത്ത സാഹചര്യത്തിൽ ഇത്തവണ നിലവിലുള്ള സംവിധാനം തന്നെ തുടർന്നുകൊണ്ട് പാവപ്പെട്ട പട്ടികജാതിക്കാർക്ക് വീടു നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ)</u>: ഗവൺമെന്റ് മൂന്ന് കാര്യങ്ങളാണ് നയപരമായി ഈ കാര്യത്തിൽ എടുത്തിട്ടുള്ളത്. എസ്.സി.പി./ ടി.എസ്.പി ഫണ്ട് ഉപയോഗിച്ച് പഞ്ചായത്തുകൾ നൽകുന്ന വീട് നിർമ്മാണത്തിന് കൊടുത്തിരുന്ന തുക 70,000 രൂപയായി വർദ്ധിപ്പിച്ച് പഞ്ചായത്തിന്റേയും ഡിപ്പാർട്ടുമെന്റിന്റേയും തുക ഏകീകരിച്ചിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് വഴി കൊടുക്കുന്ന വീടുകൾക്ക് ഡിപ്പാർട്ട്മെന്റ് വഴി സ്വീകരിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിലായിരിക്കും. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് എന്ന പ്ലാനിംഗ് ബോർഡ് നിർദ്ദേശ പ്രകാരമാണ് ഗവൺമെന്റ് ഉത്തരവ് നൽകിയത്. ഗ്രാമസഭകൾ തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നു മാത്രമേ ഇനി ഗവൺമെന്റിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ കഴിയൂ. പ്ലാനിംഗ് ബോർഡിന്റെ പ്രസ്തുത ശുപാർശ അംഗീകരിച്ച് കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. ഇപ്പോൾ ഭവനനിർമ്മാണത്തിന്റെ ഇംപ്ളിമെന്റേഷന് ഹൗസിംഗ് ബോർഡിനേയും നിർമ്മിതി കേന്ദ്രത്തേയും ചുമതലപ്പെടുത്തിയിരിക്കുകയാണ്. നാല് സ്റ്റേജുകളിൽ സർട്ടിഫിക്കറ്റ് കൊടുക്കുന്ന സമ്പ്രദായം ഒഴിവാക്കുന്നതിനും നാലാമത്തെ സ്റ്റേജിന്റെ പണി പൂർത്തീകരിച്ചാൽ മാത്രമേ ഡിപ്പാർട്ട്മെന്റ് പണം നൽകൂ എന്നതിന്റെ അടിസ്ഥാനത്തിലും പല വീടുകളും പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിലുമാണ് ഇത്തരം തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. അതുകൊണ്ട് ഹൗസിംഗ്

ബോർഡും നിർമ്മിതി കേന്ദ്രവും ഒരു പ്രത്യേക സമയത്തിനുള്ളിൽ പണി പൂർത്തീകരിക്കുമെന്നും അഥവാ പണി പൂർത്തീകരിക്കുന്നില്ലെങ്കിൽ ഡിപ്പാർട്ട്മെന്റ് കൊടുക്കുന്ന പണം 12 ശതമാനം പലിശ നിരക്കിൽ തിരിച്ച് എസ്.സി./എസ്.ടി. ഡിപ്പാർട്ട്മെന്റിന് നൽകുമെന്നുമുള്ള എം.ഒ.യു-ന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് ഈ തീരുമാനമെടുത്തിട്ടുള്ളത്. ഇക്കാര്യത്തിൽ ഒരാശങ്കയും ഉണ്ടാകേണ്ട കാര്യമില്ല. ഒരു പൈസ പോലും ലാപ്സാകാതെ സമയബന്ധിതമായി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾത്തന്നെ ഹൗസിംഗ് ബോർഡും നിർമ്മിതി കേന്ദ്രവും ആരംഭിച്ചുകഴിഞ്ഞു.

(5) <u>ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ നവീകരണം</u>

<u>ശ്രീ സി.പി. മുഹമ്മദ്</u>: 1957- ൽ ആരംഭിച്ച ഷൊർണ്ണൂരിലെ ഗവൺമെന്റ് പ്രസ്സിൽ ഇതുവരെ ഒരു നവീകരണ പ്രവർത്തനവും നടത്തിയിട്ടില്ല. 2005-06-ൽ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ നവീകരണത്തിനുവേണ്ടി 2.15 കോടി രൂപ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്. ഈ പ്രസ്സിനുവേണ്ടി വാങ്ങിയ മെഷീനുകൾ മറ്റ് ഗവൺമെന്റ് പ്രസ്സുകൾക്ക് നൽകുകയാണുണ്ടായത്. പല രീതിയിലും ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിനെ അവഗണിക്കുകയാണ് ചെയ്തിട്ടുള്ളത്. 2007-08-ലെ പാഠ പുസ്തകങ്ങളുടെ അച്ചടി ഓർഡർ ഈ ഗവണ്മെന്റ് പ്രസ്സിന് നൽകുകയും മാർച്ച് 31-നു മുൻപ് അച്ചടി പൂർത്തിയാക്കണമെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ

ഇതുവരേയും വിദ്യാഭ്യാസ വകുപ്പ് ആവശ്യമായ പേപ്പറുകൾ നൽകിയിട്ടില്ല. ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിനാവശ്യമായ മെഷിനറിയും പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനാവശ്യമായ കടലാസ്സുകളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): 2005-06 സാമ്പത്തിക വർഷത്തിൽ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ നവീകരണവുമായി ബന്ധപ്പെട്ട് 197.50 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിക്കുകയും ഇതിൽ 50 ലക്ഷത്തോളം രൂപയ്ക്ക് വെബ് ഓഫ്സെറ്റ് യന്ത്രവും ബാക്കി തുകയ്ക്ക് മറ്റു യന്ത്ര സാമഗ്രികളും വാങ്ങുന്നതിന് തീരുമാനമെടുത്തു. വെബ് ഓഫ്സെറ്റ് യന്ത്രം വാങ്ങുന്നതിന് ലഭിച്ച ടെന്ററുകൾ സ്വീകാര്യമല്ലെന്നു കണ്ടതിനാൽ ആ തുക ഉപയോഗിച്ച് എച്ച്.എം.ടി. യിൽ നിന്ന് മൂന്നെണ്ണമുൾപ്പെടെ ആറ് ഷീറ്റ് വെബ് ഓഫ്സെറ്റ് യന്ത്രം വാങ്ങുന്നതിന് സർക്കാർ ഉത്തരവിട്ടു. ഈ ആറ് യന്ത്രങ്ങളും ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ സ്ഥാപിക്കാൻ സ്ഥല സൗകര്യമില്ലാത്തതിനാലും 2004-05-ലെ തിരുവനന്തപുരം സെൻട്രൽ പ്രസ്സിലേയ്ക്കുള്ള പദ്ധതി വിഹിതത്തിൽ നിന്നും വാങ്ങിയ രണ്ട് ഷീറ്റ് വെബ് യന്ത്രങ്ങൾ ഷൊർണ്ണൂർ പ്രസ്സിന് നൽകിയ സാഹചര്യത്തിലും അധികമായി വാങ്ങിയ യന്ത്രങ്ങൾ മറ്റ് ഗവൺമെന്റ് പ്രസ്സുകളിൽ സ്ഥാപിക്കുകയാണ് ചെയ്തത്. ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ അച്ചടിക്കാവശ്യമായ കടലാസ്, മഷി തുടങ്ങിയവ നൽകാതിരിക്കുന്നു എന്ന് പറഞ്ഞത് ശരിയല്ല. ഗവൺമെന്റ്

പ്രസ്സുകളിൽ അച്ചടിക്കുന്നതിനാവശ്യമായ ഇന്റന്റ് പ്രകാരമുള്ള സാധനങ്ങൾ സ്റ്റേഷനറി വകുപ്പിൽ നിന്നും ഗവൺമെന്റ് പ്രസ്സിൽ നിന്നും അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. സാധനങ്ങൾ പ്രസ്സിൽ അയച്ചുകൊടുക്കുമ്പോൾ ചില അവസരങ്ങളിൽ വൈകാറുണ്ട് എന്നത് അച്ചടിക്ക് കാലതാമസം ഉണ്ടാക്കുന്നു എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യഥാസമയം അച്ചടിവകുപ്പിൽ നിന്നും ഇന്റന്റുകൾ നൽകാത്തതും പർച്ചേസ് കമ്മിറ്റികൾ കൂടാത്തതും അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകാത്തതും വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനക്കുറവും കൂടുതൽ കാലതാമസ മുണ്ടാക്കുന്നുണ്ട്. ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വസ്തുതകൾ കണക്കിലെടുത്ത് യഥാസമയം ഇന്റന്റുകൾ നൽകുന്നതിനും അതുപ്രകാരമുള്ള സാധനസാമഗ്രികൾ എല്ലാ പ്രസ്സുകൾക്കും തുല്യപരിഗണന വച്ച് വിതരണം നടത്തുന്നതിനും സഹായകരമായ രീതിയിൽ സമയബന്ധിതമായി അച്ചടിയും സ്റ്റേഷനറിയും വകുപ്പുകൾ ഏകോപിച്ച് പ്രവർത്തിക്കണമെന്ന് വ്യക്തമായ നിർദ്ദേശം നൽകുന്നതാണ്. പാഠപുസ്തകങ്ങൾ കഴിഞ്ഞ കുറേ നാളുകളായി സർക്കാർ പ്രസ്സുകളിൽ അച്ചടിക്കുന്നില്ല. ഈ വർഷം ഗവൺമെന്റ് പ്രസ്സുകളിൽ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് ക്രമീകരണം ചെയ്തിട്ടുണ്ട്. ഗവൺമെന്റ് പ്രസ്സുകളിൽ ഓർഡർ കിട്ടിയത് പല പ്രസ്സുകളിലായി വീതിച്ചുകൊടുത്തിട്ടുണ്ട്. ഏതെങ്കിലും പ്രസ്സിൽ പേപ്പർ എത്തിയിട്ടില്ലെന്ന് ബോധ്യപ്പെട്ടാൽ പ്രിന്റിംഗിന് ആവശ്യമായ പേപ്പർ എത്തിച്ചുകൊടുക്കുന്നതിനും ഓർഡർ കിട്ടിയ

പാഠപുസ്തകങ്ങൾ ഗവൺമെന്റ് പ്രസ്സിൽത്തന്നെ അച്ചടിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(6) കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷൻ സ്ഥാപിക്കേണ്ടത് സംബന്ധിച്ച്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: മാർച്ച് 31-നുള്ളിൽ ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകിയില്ലെങ്കിൽ സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷൻ സ്ഥാപിക്കുന്നതിൽനിന്ന് പിൻമാറും എന്ന് അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകി ഫ്രെയിറ്റ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ കണ്ണൂരിൽ ഒരു കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി നൽകണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 5 ഏക്കർ സ്ഥലം ഇതിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയും കണ്ണൂർ എം.പി. അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പ്രസ്തുത സ്ഥലം ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വിലയ്ക്ക് പി..ഡബ്ള്യു.ഡി..-ക്ക് കൈമാറാൻ സന്നദ്ധമാണെന്ന് ഇ.എസ്.ഐ. കോർപ്പറേഷൻ അറിയിക്കുകയും ചെയ്തിരുന്നു. പിന്നീട് നിശ്ചയിച്ച വില അപര്യാപ്തമാണെന്ന് ഇ.എസ്.ഐ. കോർപ്പറേഷൻ അറിയിച്ചതിനെത്തുടർന്ന് ജില്ലാ കളക്ടർ പുനർനിർണ്ണയം നടത്തുകയും ആ തീരുമാനം ഇ.എസ്.ഐ. കോർപ്പറേഷൻ അംഗീകരിക്കുകയും

ചെയ്തു. പ്രസ്തുത കോർപ്പറേഷനിലെ ഭൂരിപക്ഷം ഡയറക്ടർ ബോർഡ് മെമ്പർമാരും ഈ സ്ഥാപനം അവിടെ വരുമ്പോൾ ഇ.എസ്.ഐ. ആശുപത്രിക്ക് മലിനീകരണപ്രശ്നം ഉണ്ടാവും എന്ന് അഭിപ്രായപ്പെട്ടതിനെത്തുടർന്ന് തീരുമാനമെടുക്കാതെ മാറ്റിവയ്ക്കുകയും പിന്നീട് പൊല്യൂഷൻ കൺട്രോൾ ബോർഡ് നടത്തിയ പഠനത്തിൽ കുഴപ്പം ഉണ്ടാകാനിടയില്ല എന്ന റിപ്പോർട്ട് നൽകുകയും ചെയ്തു. ഗവൺമെന്റ് ഇപ്പോൾ ഇ.എസ്.ഐ. കോർപ്പറേഷന്റെ സ്ഥലം വിട്ടുകിട്ടാൻ ശ്രമിക്കുന്നതോടൊപ്പംതന്നെ അനുയോജ്യമായ മറ്റൊരുസ്ഥലം കണ്ടെത്തുന്നതിന് ജില്ലാകളക്ടർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷൻ കണ്ണൂരിൽ സ്ഥാപിക്കുന്നതിനും അനുമതിയുടെ കാലാവധി നീട്ടിക്കിട്ടുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

(7) ആറാട്ടുപുഴ പഞ്ചായത്തിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

ശ്രീ. ബി. ബാബുപ്രസാദ്: ആറാട്ടുപുഴ സുനാമിബാധിത പ്രദേശത്ത് പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിന് 40 കോടി രൂപയുടെ സ്പെഷ്യൽ പ്രോജക്റ്റ് പ്രഖ്യാപിച്ച് 7 മാസം കഴിഞ്ഞിട്ടും ഒരു പ്രവർത്തനവും നടത്തിയിട്ടില്ല. കടൽഭിത്തികളുടേയും പാലങ്ങളുടേയും പണികൾ, വാട്ടർടാങ്ക് അടക്കമുള്ള നിരവധി ഊർജ്ജ പ്രസരണ പദ്ധതികൾ, ടൂറിസം, ആരോഗ്യം എന്നീ മേഖലയിലെ നിരവധി പദ്ധതികൾ തുടങ്ങിയവ പകുതിപോലുമാകാതെ അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഈ ഗ്രാമത്തിലെ

പദ്ധതികൾ യഥാർത്ഥ്യമാകാതിരിക്കുന്നത് ദു:ഖകരമാണ്. കൊല്ലം ഡിവിഷന്റെ കീഴിലുള്ള ആറാട്ടുപുഴയെ ആലപ്പുഴ ഡിവിഷന്റെ കീഴിലേയ്ക്ക് മാറ്റുന്നതിനുള്ള മേജർ ഇറിഗേഷനിലെ ഉത്തരവാദപ്പെട്ട ആളുകളുടെ ശ്രമത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കി കടൽഭിത്തികൾ എത്രയുംവേഗം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സുനാമി പുനരധിവാസ പദ്ധതിയിൽപ്പെട്ട 40 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി ചെയ്യേണ്ട പദ്ധതികൾ സംബന്ധിച്ച് ജില്ലാതല ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചർച്ച നടത്തുകയും ആറാട്ടുപുഴ പഞ്ചായത്തിൽ നേരത്തെ തുടങ്ങിവച്ചിട്ടുള്ള കടൽഭിത്തി, പാലങ്ങൾ, റോഡുകൾ എന്നിവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തീരുമാനിച്ച് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സന്നദ്ധ സംഘടനകൾ ഏറ്റെടുത്ത് നടത്തിയിരുന്ന വീടുകളിൽ നിർമ്മാണം പൂർത്തിയാകാത്തവ സർക്കാർ ഏറ്റെടുത്തു ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനു പുറമേ ഓലമേഞ്ഞ വീടുകൾ അപകടകരമാണെന്നുള്ളതുകൊണ്ട് അത്തരക്കാർക്കുകൂടി വീടുവച്ചു നൽകണമെന്നുള്ള ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശം ഗവൺമെന്റ് സജീവമായി പരിഗണിക്കുന്നതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ഇക്കാര്യത്തിൽ ഒരു വീഴ്ചയും ഇറിഗേഷൻ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. പ്രധാനമായും 4 റീച്ചുകൾ

ഉണ്ടായിരുന്നതിൽ ആദ്യത്തെ റീച്ച് വിവാദവിഷയമായി മാറിയതും വിജിലൻസ് കേസും ഏറ്റവും ഒടുവിൽ ഹൈക്കോടതി ഇടപെടലുകൾ ഉണ്ടായതും കരാറുകാരന് ഹിയറിംഗിനുള്ള അവസരം നൽകണമെന്നാവശ്യപ്പെടുകയും ചെയ്തതുകൊണ്ടുമാണ് ഈ വർക്ക് മുന്നോട്ടുകൊണ്ടുപോകാൻ കഴിയാതെവന്നത്.

(8) <u>വർക്കലയിലെ ചിലക്കൂറിൽ മിനി ഫിഷിംഗ് ഹാർബർ</u>

<u>ശ്രീ. വർക്കല കഹാർ</u>: കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ വലിയ ഒരു വിഭാഗം മത്സ്യത്തൊഴിലാളികളുടേയും ജനങ്ങളുടേയും ആഗ്രഹമായ, വർക്കലയിലെ ചിലക്കൂറിൽ മിനി ഫിഷിംഗ് ഹാർബർ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ)</u> : കേരളത്തിന്റെ തീരപ്രദേശങ്ങളിൽ കൂടുതൽ ഫിഷിംഗ് ഹാർബറുകൾ അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ധാരാളം നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. കേരള തീരത്ത് മറൈൻ സെക്ടറിൽ ഫിഷിംഗ് പ്രഷർ അധികമാണെന്നും ഇപ്പോൾത്തന്നെ മാക്സിമം മത്സ്യബന്ധന പ്രക്രിയ നടക്കുന്നുണ്ടെന്നും അതുകൊണ്ട് കൂടുതൽ മത്സ്യബന്ധന യാനങ്ങൾ മറൈൻ സെക്ടറിൽ അനുവദിക്കുന്നത് ഉചിതമല്ലെന്നുമാണ് ശാസ്ത്രസമൂഹത്തിന്റെ അഭിപ്രായം. വർക്കലയിലെ ചിലക്കൂറിൽ ഹാർബർ സ്ഥാപിക്കുന്നതിന് അനുയോജ്യമാണോ എന്ന് മനസ്സിലാക്കുന്നതിന് അന്വേഷണവും ഗവേഷണവും അനിവാര്യമാണ്. അതിന് സാധ്യതാ പഠനവും പരിസ്ഥിതി പഠനവും നടത്തി അനുയോജ്യമാണെന്ന് കണ്ടാൽ മാത്രമേ ഹാർബർ സ്ഥാപിക്കുന്നതിന് അനുവാദം നൽകുവാൻ സാധിക്കൂ.

ഇക്കാര്യത്തിൽ അടിയന്തിരമായി അന്വേഷണവും ഗവേഷണവും നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

(൯) മാറാട് സംഭവത്തിൽ നാശനഷ്ടങ്ങൾക്കിരയായവർക്ക് നഷ്ടപരിഹാരം

ശ്രീ. എ. പ്രദീപ് കുമാർ: 2003 മേയ് മാസത്തിൽ നടന്ന മാറാട് കൂട്ടക്കൊലയെത്തുടർന്ന് കനത്ത നാശനഷ്ടം സംഭവിച്ച നിരപരാധികളായ ആളുകൾക്ക് ഇതുവരെയും നഷ്ടപരിഹാരം നൽകിയിട്ടില്ല. 289 കുടുംബങ്ങൾ പ്രാണരക്ഷാർത്ഥം പലായനം ചെയ്യുകയും അവരുടെ വീടുകൾ പൂർണ്ണമായും തകർക്കപ്പെടുകയും കൊള്ളയടിക്കപ്പെടുകയും ചെയ്തു. 278 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നാശനഷ്ടങ്ങൾക്കിരയായവർ സമർപ്പിച്ച കണക്കനുസരിച്ച് ഏതാണ്ട് 3 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് ദുരിതമനുഭവിച്ചവർക്ക് പര്യാപ്തമായ നഷ്ടപരിഹാരം നൽകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കേരളത്തെ അങ്ങേയറ്റം ഞെട്ടിപ്പിച്ച മാറാട് സംഭവത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും അംഗഭംഗം സംഭവിച്ചവർക്ക് 5 ലക്ഷം രൂപയും ഗുരുതരമായി പരിക്കേറ്റവർക്ക് 3 ലക്ഷം രൂപയും അന്ന് അനുവദിച്ചിരുന്നു. വീടുകൾ തകർത്തതിന് 6 കേസ്സുകളും

കൊള്ളയടിക്കപ്പെട്ടതിനെതിരെ 208 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ ഒരു സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചാണ് അന്വേഷണം നടത്തിയത്. വീട് തകർത്തതിന് രജിസ്റ്റർചെയ്ത 6 കേസുകളിൽ 2 കേസ്സുകളിലെ 10 പ്രതികളെ അറസ്റ്റ് ചെയ്യുകയും കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 4 കേസ്സുകളിൽ പ്രതികളെ തിരിച്ചറിയാൻ കഴിയാതിരുന്നതിനാൽ അൺഡിറ്റക്ടഡ് ആയും ഒരു കേസ് ഫർദർ ആക്ഷൻ ഡ്രോപ്ഡ് ആയും ഒരു കേസ് മിസ്റ്റേക്ക് ഓഫ് ഫാക്ടായും റഫർ ചെയ്തിട്ടുള്ളതാണ്. വീടുകൾ കൊള്ളയടിക്കപ്പെട്ട 208 കേസ്സുകളിൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. അതിൽ 181 കേസ്സുകളിൽ പ്രതികളെ അന്വേഷണത്തിൽ തിരിച്ചറിയാൻ കഴിയാതിരുന്നതിനാൽ തെളിയിക്കപ്പെടാൻ കഴിയാത്തതായും രണ്ട് കേസ്സുകൾ ഫർദർ ആക്ഷൻ ഡ്രോപ്ഡ് ആയും 25 കേസ്സുകൾ ഫാൾസ് ആയും റഫർ ചെയ്തിട്ടുള്ളതാണ്. നഷ്ടപരിഹാരത്തുകയായി 179 വ്യക്തികൾക്ക് 12,09,150 രൂപ മാത്രമാണ് ഇതുവരെ നൽകിയിട്ടുള്ളത്. അത് അവർ കൈപ്പറ്റിയിട്ടില്ലെന്നാണ് പിന്നീട് മനസ്സിലാക്കാൻ കഴിഞ്ഞത്. നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുക എന്നത് തികച്ചും ന്യായമായ അവശ്യമാണ്. നഷ്ടപരിഹാരത്തുക കാലതാമസം കൂടാതെ നൽകാൻ സർക്കാർ നടപടി സ്വീകരിക്കുകയും വിശദാംശം ക്യാബിനറ്റിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നതുമാണ്.

(10) <u>വടകര നിയോജകമണ്ഡലത്തിലെ അഴിയൂരിൽ ടെക്നിക്കൽ ഹൈസ്ക്കൂൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. എം.കെ. പ്രേംനാഥ്:</u> വടകര നിയോജകമണ്ഡലത്തിലെ അഴിയൂരിൽ ഐ.എച്ച്.ആർ.ഡി യുടെ നേതൃത്വത്തിൽ ഒരു ടെക്നിക്കൽ ഹൈസ്ക്കൂൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ.എം. എ. ബേബി) :</u> കേരളത്തിൽ 39 സാങ്കേതിക ഹൈസ്ക്കൂളുകൾ ഉള്ളതിൽ ഒന്ന് വടകര നിയോജകമണ്ഡലത്തിലാണ് പ്രവർത്തിക്കുന്നത്. സാങ്കേതിക ഹൈസ്ക്കൂൾ അനുവദിക്കണമെങ്കിൽ 3 ഏക്കർ സ്ഥലവും 2430 ചതുരശ്രമീറ്റർ ചുറ്റളവുള്ള കെട്ടിടവും അദ്ധ്യാപകരും അനദ്ധ്യാപകരും ഉൾപ്പെടെ 45 സ്റ്റാഫും വേണം. സ്ഥലത്തിന്റെ വില കൂടാതെ ഒരുകോടി എൺപത്തിയഞ്ച് ലക്ഷം രൂപയും ആവശ്യമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് പണം ലഭ്യമാക്കാൻ കഴിയുന്ന മുറയ്ക്ക് സംസ്ഥാനത്തിന്റെ മൊത്തം ആവശ്യംകൂടി പരിഗണിച്ച് ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(11) <u>ആലത്തൂരിലെ മാലിന്യ സംസ്ക്കരണ പ്ലാന്റ്</u>

<u>ശ്രീ. എം. ചന്ദ്രൻ</u> :ആലത്തൂരിലെ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ പണി പൂർത്തിയാക്കാനാവശ്യമായ സാമ്പത്തികസഹായം നൽകി പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : പഞ്ചായത്തുകളുടെ ഖരമാലിന്യ പരിപാലന വുമായി ബന്ധപ്പെട്ട് ഖരമാലിന്യം തരംതിരിച്ച് ശേഖരിച്ച് ശാസ്ത്രീയ രീതിയിൽ സംസ്ക്കരിക്കുകയും ദൂരീകരിക്കുകയും ചെയ്യുന്നതിനായി 'ക്ളീൻ കേരള' മിഷൻ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ തുടക്കത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളോടും പദ്ധതികൾ സമർപ്പിക്കാൻ മിഷൻ ആവശ്യപ്പെടുകയുണ്ടായെങ്കിലും ആലത്തൂർ ഗ്രാമപഞ്ചായത്ത് നാളിതുവരെ പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല. മാലിന്യ സംസ്ക്കരണത്തിനായി പഞ്ചായത്ത് പ്ളാന്റ് നിർമ്മിച്ചിട്ടുള്ള വിവരവും ക്ളീൻ കേരള മിഷനെ അറിയിച്ചിട്ടില്ല. മാലിന്യ സംസ്ക്കരണത്തിനായി തരംതിരിച്ചുള്ള ശേഖരണവും ആവശ്യമായ വാഹനങ്ങളും രൂപീകരണത്തിനാവശ്യമായ സംവിധാനങ്ങളും ഉൾപ്പെടുത്തി പഞ്ചായത്തിന് ഒരു പദ്ധതി തയ്യാറാക്കി സമർപ്പിക്കാവുന്നതാണ്. ഇത്തരം ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ ക്ളീൻ കേരള മിഷന്റെ എല്ലാ സഹായവും ലഭ്യമാകുന്നതാണ്.

## (12) കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. സി.എം. ദിനേശ്മണി: കേരളത്തിലെ കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന സംസ്ഥാന ഗവണ്മെന്റിന്റെ ശുപാർശ പുതുക്കി കേന്ദ്രഗവണ്മെന്റിന് അയച്ചു കൊടുക്കണം. ഇതുസംബന്ധിച്ച ഭേദഗതി നിയമം പാസ്സാകുന്നതുവരെ പ്രൊഫഷണൽ കോഴ്സുകളിലും ഉദ്യോഗനിയമനങ്ങളിലും ഈ

വിഭാഗത്തിന് ഒരു ശതമാനം സംവരണം അനുവദിക്കുകയും അനിശ്ചിതകാല നിരാഹാര പ്രക്ഷോഭത്തിൽനിന്നും ഇവരെ പിന്തിരിപ്പിക്കുകയും ചെയ്യണം.

(ഈ വിഷയം സംബന്ധിച്ച് ശ്രീ. കെ. ബാബുവും നോട്ടീസ് നൽകിയിരുന്നു.)

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കുടുംബി സമുദായത്തെ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ഒ.ബി.സി. വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് 1978-ൽ സംസ്ഥാന സർക്കാർ കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിരുന്നു. ഒരു സമുദായത്തെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം, ആ സമുദായത്തിന്റെ പിന്നോക്കാവസ്ഥയ്ക്കുള്ള കാരണം, ചരിത്രപരമായും സമുദായാചാരപ്രകാരവും അക്കൂട്ടർ അനുഭവിച്ച തൊട്ടുകൂടായ്മയുടെ പരിണതഫലം ആയിരിക്കണമെന്നുള്ളതാണ്. 1979-ൽ പട്ടികജാതി/പട്ടികവർഗ്ഗ ലിസ്റ്റ് പുതുക്കുന്നതു സംബന്ധിച്ചുള്ള പാർലമെന്ററി ജോയിന്റ് കമ്മിറ്റി കുടുംബി സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അർഹത തെളിയിക്കുന്ന പ്രത്യേക റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതിനായി സംസ്ഥാന സർക്കാർ നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കിർത്താഡ്സിൽ നിന്നും ഒരു റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. കുടുംബി സമുദായത്തിന്റെ പിന്നോക്കാവസ്ഥയ്ക്കുള്ള കാരണം തൊട്ടുകൂടായ്മ അനുഭവിച്ചതിന്റെ അടിസ്ഥാനത്തിൽ അല്ല എന്ന് കിർത്താർഡ്സ്

റിപ്പോർട്ട് ചെയ്തുവെങ്കിലും അവരുടെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതാണ് എന്ന് സംസ്ഥാന സർക്കാർ നിർദ്ദേശിച്ചു. 1987-ൽ ഈ നിർദ്ദേശത്തിന്മേൽ കേന്ദ്ര സർക്കാർ വിശദമായ റിപ്പോർട്ട് വീണ്ടും ആവശ്യപ്പെട്ടു. ഈ മാനദണ്ഡം പാലിക്കുന്നുവെങ്കിൽ മാത്രമേ സംസ്ഥാന സർക്കാരിന് ഈ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കാൻ കഴിയൂ. കുടുംബി സമുദായത്തിന്റെ ആവശ്യം വിശദമായ പഠനത്തിന് വിധേയമാക്കാൻ കിർത്താർഡ്സിനോട് ആവശ്യപ്പെടാൻ ഗവണ്മെന്റ് തീരുമാനിച്ചു. ഈ സമുദായത്തെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഇപ്പോൾ നൽകിവരുന്നുണ്ട്. ഡിഗ്രി, പി.ജി. പ്രൊഫഷണൽ കോഴ്സുകൾക്ക് മറ്റ് പിന്നോക്ക ഹിന്ദു വിഭാഗത്തിനുള്ള സംവരണം ഈ വിഭാഗത്തിനും ലഭിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസത്തിനു പ്രത്യേക സംവരണം അനുവദിക്കണമെന്ന ആവശ്യം ഗവണ്മെന്റ് പരിഗണിക്കുന്നതായിരിക്കും.

(13) <u>ഇറാൻകാരിയായ വിദ്യാർത്ഥിനി പീഡിപ്പിക്കപ്പെട്ടതു സംബന്ധിച്ച്</u>

<u>ശ്രീ. എം. ഉമ്മർ</u>: കേരള സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ളീഷ് എന്ന സ്ഥാപനത്തിലെ ഇറാൻകാരിയായ വിദ്യാർത്ഥിനി വിനോദയാത്രയ്ക്കിടയിൽ പീഡിപ്പിക്കപ്പെട്ട സംഭവം കണക്കിലെടുത്ത് വിദേശരാജ്യങ്ങളിൽനിന്നും ഈ സംസ്ഥാനത്തു വന്നുപഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ

സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ഗവണ്മെന്റ് സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 2-3-2007-ന് രാത്രി ഉദ്ദേശം 8.15-ന് മ്യൂസിയം പോലീസ് സ്റ്റേഷൻ അതിർത്തിയിലെ ചാരാച്ചിറ റോഡിൽ ഒരു വിദേശ വനിത മാനസിക വിഭ്രാന്തി പ്രകടിപ്പിച്ചുനിൽക്കുന്നതായി പോലീസ് കൺട്രോൾ റൂമിൽ വിവരം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് സ്ഥലത്തെത്തുകയും കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ളീഷിൽ എം.എ.ക്കു പഠിക്കുന്ന ഷെർഖാത്തിബി എന്ന ഇറാൻ രാജ്യക്കാരിയായ പെൺകുട്ടിയാണെന്ന് തിരിച്ചറിയുകയും ചെയ്തു. ഈ കുട്ടിയെ ശാന്തയാക്കി ആശുപത്രിയിലെത്തിക്കാൻ വനിതാ പോലീസ് ശ്രമിച്ചുവെങ്കിലും കുട്ടി കൂടുതൽ അക്രമസ്വഭാവിയായി കാണപ്പെട്ടതിനാൽ വിമെൻ ഹെൽപ് ലൈൻ മുഖേന ബന്ധപ്പെട്ട് രണ്ട് വനിതാ കൗൺസിലർമാരെ വിളിച്ചുവരുത്തുകയും കൂടുതൽ വനിതാ പോലീസുകാരേയും കൂട്ടി രാത്രി 9 മണിയോടുകൂടി പെൺകുട്ടിയെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെ ചാർജ്ജുള്ള വഞ്ചിയൂർ ജുഡീഷ്യൽ ഒന്നാംക്ളാസ് മജിസ്ട്രേട്ട് മുമ്പാകെ ഹാജരാക്കുകയും മെന്റൽ ഹെൽത്ത് ആക്ടിലെ വകുപ്പുകൾ പ്രകാരം പേരൂർക്കട മെന്റൽ ഹെൽത്ത് സെന്ററിൽ പ്രവേശിപ്പിച്ച് ചികിൽസ നടത്തിയിട്ടുള്ളതുമാണ്. 7-3-2007-ന് പെൺകുട്ടിയുടെ പിതാവ് മ്യൂസിയം പോലീസ്

സ്റ്റേഷനിൽ വന്ന് വിവരങ്ങൾ ആരാഞ്ഞശേഷം ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ അപേക്ഷ നൽകി. കോടതി ഉത്തരവു പ്രകാരം ആശുപത്രി ജീവനക്കാർ കുട്ടിയെ കോടതിയിൽ ഹാജരാക്കു കയും കുട്ടിക്ക് മതിയായ ചികിൽസ നടത്താൻ നിർദ്ദേശിച്ച് പിതാവി നോടൊപ്പം അയച്ചിട്ടുള്ളതുമാണ്. കുട്ടിക്ക് മൂന്ന് നാല് ദിവസമായി മാനസികാസ്വാസ്ഥ്യം ഉണ്ടായിരുന്നതായി വീട്ടുടമസ്ഥർ പറയുന്നുണ്ട്. പെൺകുട്ടി കൂട്ടുകാരുടെ പ്രകൃതിവിരുദ്ധ നടപടികൾക്ക് വിധേയമായ തായി പരാതികളൊന്നും പോലീസിനോട് പറയുകയോ രേഖാമൂലം നൽകുകയോ ചെയ്തിട്ടില്ല. ഈ കുട്ടിയിൽനിന്നും പരാതി ലഭിക്കുന്ന പക്ഷം ഗവണ്മെന്റ് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം കേരളാ യൂണിവേഴ്സിറ്റി അവിടത്തെ വിദ്യാർത്ഥിനി എന്ന നിലയിൽ ഒരു അന്വേഷണം നടത്തുന്നുണ്ട്. അതിന്റെ റിപ്പോർട്ട് കിട്ടിയിട്ടില്ല.

(14) <u>കണ്ണൂർ ജില്ലയിലെ പാനൂർമുക്കിൽ പീടിക അയിഷ മൻസിലിൽ നബീസു, ആമിന എന്നിവരുടെ കൊലപാതകം സംബന്ധിച്ച്</u>

<u>ശ്രീ. കെ.പി. മോഹനൻ :</u> കണ്ണൂർ ജില്ലയിലെ ചൊക്ളി പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മുക്കിൽപീടികയ്ക്കടുത്തു താമസി ക്കുന്ന നബീസുവിന്റേയും ആമിനയുടേയും കൊലപാതകം കണക്കി ലെടുത്ത് സംസ്ഥാനത്തെ വൃദ്ധ ജനങ്ങളുടെ സംരക്ഷണവും സുരക്ഷി തത്വവും ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> അങ്ങേയറ്റം

നിഷ്ഠൂരവും മനുഷ്യത്വരഹിതവുമായ ഒരു കൊലപാതകമാണ് ഇത്. കണ്ണൂർ ജില്ലയിലെ ചൊക്ളി പോലീസ് സ്റ്റേഷൻ അതിർത്തിയിലെ മുക്കിൽപീടിക എന്ന സ്ഥലത്ത് താമസിക്കുന്ന നബീസു, ആമിന എന്നിവരെ അവരുടെ കിടപ്പുമുറിയിൽ ഏതോ മാരകായുധം ഉപയോ ഗിച്ച് കൊലചെയ്യപ്പെട്ട നിലയിൽ 11-3-2007-ന് കാണപ്പെട്ടു. ഇവരുടെ ബന്ധുവായ റിയാസ് എന്നയാളുടെ പരാതിപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. നബീസു തനിച്ചാണ് താമസിച്ചിരുന്നത്. 9-3-2007-ന് 11 മണിയോടെ അവരുടെ മകനും ഭാര്യയും ജ്യേഷ്ഠസഹോദരി ആമിനയും നബീസുവിന്റെ വീട്ടിൽ വരികയും പിറ്റേദിവസം മകനും ഭാര്യയും മടങ്ങിപ്പോകുകയും സഹോദരി ആമിന അനുജത്തിയോടൊപ്പം താമസിക്കുകയും ചെയ്തു. 10-ാം തീയതി നബീസുവിന്റെ ബാംഗ്ളൂരിലുള്ള മകൻ ഖാലിദ് ഫോൺ ചെയ്യുമെന്നുപറഞ്ഞ് അയൽവാസിയായ നസീമയുടെ വീട്ടിൽ കാത്തിരിക്കുകയും രാത്രി 10 മണിവരെ ഫോൺ ലഭിക്കാതിരുന്നതി നാൽ നബീസു മടങ്ങിപ്പോകുകയും സഹോദരിയുമൊത്ത് ഉറ ങ്ങുകയും ചെയ്തു. പിറ്റേദിവസം രാവിലെ ഇവരെ പുറത്ത് കാണാതി രുന്നതിനാൽ അയൽക്കാരിയായ നസീമ ഇവരുടെ വീട്ടിൽവരികയും അടുക്കള വാതിൽ ചാരിയിട്ടിരിക്കുന്നതിൽ സംശയം തോന്നി അയൽക്കാരെ വിളിച്ചുവരുത്തി ജനലിൽക്കൂടി നോക്കിയപ്പോൾ ആമിന യുടെ ശവശരീരം കാണുകയും വിവരം പോലീസിൽ അറിയിക്കുകയും ചെയ്തു. സംഭവസ്ഥലത്ത് ഉത്തരമേഖലാ ഐ.ജി., ഡി.ഐ.ജി, കണ്ണൂർ എസ്.പി. തുടങ്ങിയ ഉന്നത പോലീസ് ഉദ്യോഗസ്ഥർ എത്തുകയും

സമഗ്രമായ അന്വേഷണം നടത്തിവരികയുമാണ്. സംഭവസ്ഥലം ഡോഗ് സ്ക്വാഡ്, ഫിംഗർപ്രിന്റ് സ്ക്വാഡ് തുടങ്ങിയവർ പരിശോധിക്കുകയും തെളിവുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ഈ കേസ് തെളിയിക്കു ന്നതിന് തീവ്രമായ ശ്രമം നടന്നുവരുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നത് സർക്കാരിന്റെ പ്രഥമവും പ്രധാനവുമായ കടമയാണ്. ഈ വൃദ്ധവനിതകളെ ഒഴിവാക്കാൻ വേണ്ടി യാണോ ഈ കൊലപാതകം എന്നുതന്നെ സംശയിക്കേണ്ടിയിരിക്കുന്നു. ഒരു സാമൂഹ്യപ്രശ്നം എന്നനിലയിൽ ഈ പ്രശ്നത്തെ കണ്ടുകൊണ്ട് സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശകസമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) 2006-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

# ധനകാര്യം

## 2007-2008 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. ജോസ് ബേബി) : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. മാധ്യമ, വ്യാപാരി സമൂഹങ്ങളും കർഷകരും, പരമ്പരാഗത വ്യവസായത്തൊഴിലാളികളും പിന്താങ്ങുന്ന ബഡ്ജറ്റാണിത്. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനും, കാർഷിക-ടൂറിസം-ഐ.ടി. മേഖലകളുടെ വളർച്ചയ്ക്കും ആവശ്യമായ പണം ബഡ്ജറ്റിൽ നീക്കിവച്ചതിനെ സ്വാഗതം ചെയ്യുന്നു. കേന്ദ്ര ഗവണ്മെന്റിന്റെ പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമായുണ്ടായ നാണ്യപ്പെരുപ്പമാണ് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കാനിടയാക്കിയതെന്ന് കേന്ദ്ര ഗവണ്മെന്റുതന്നെ സമ്മതിച്ചിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റിന്റെ നയത്തിൽ മാറ്റം വരുത്തിയാലേ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ കഴിയൂ. വൻകിട കച്ചവടക്കാർ അടങ്ങുന്ന ലോബി കാർഷികോൽപ്പന്നങ്ങൾ മൊത്തമായി കൃഷിക്കാരിൽ നിന്നും വാങ്ങി പൂഴ്ത്തിവച്ചുകൊണ്ട് മാർക്കറ്റിൽ വിലവർദ്ധനവുണ്ടാക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. സംസ്ഥാനത്ത് ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ട് വിലവർദ്ധനവ് തടയാൻ ആവശ്യമായ നടപടി സ്വീകരിക്കണം. നെൽപ്പാടങ്ങൾ ഉൾപ്പെടെയുള്ള കൃഷിയിടങ്ങളുടെ വിസ്തൃതി കുറയുന്നതുകൊണ്ട് ഭക്ഷ്യോല്പന്നങ്ങൾ വേണ്ടരീതിയിൽ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നില്ല. പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധന കാരണം അന്യ സംസ്ഥാനങ്ങളിൽ നിന്നും ഭക്ഷ്യ സാധനങ്ങൾ കേരളത്തിലെത്തിക്കു

മ്പോൾ ചരക്കൂകൂലി ഉയരുക സ്വാഭാവികമാണ്. കച്ചവടക്കാർ ഭക്ഷ്യ ധാന്യങ്ങൾ മാർക്കറ്റിലിറക്കാതെ വൻതോതിൽ സ്റ്റോക്ക് ചെയ്യുന്ന പ്രവണത അവസാനിപ്പിച്ചില്ലായെങ്കിൽ കേരളത്തിൽ അപകട കരമായ സ്ഥിതിവിശേഷമുണ്ടാകും. തദ്ദേശ സ്വയംഭരണ വകുപ്പ് മാലിന്യവിമുക്ത കേരളം പദ്ധതിക്ക് രൂപം നൽകിയത് സ്വാഗതാർഹ മാണ്. സംസ്ഥാനത്തിന്റെ ആസൂത്രണ വികസന പ്രക്രിയയെക്കുറി ച്ചുള്ള കാഴ്ചപ്പാടിൽ മാറ്റമുണ്ടാകണം. റോഡുകളും പാലങ്ങളും ജനങ്ങൾക്ക് അത്യാവശ്യമാണെങ്കിലും അത്തരം അടിസ്ഥാന സൗകര്യ ങ്ങളുടെ വികസനത്തിന് ആവർത്തനച്ചെലവുണ്ടാകുന്നു. വാഹനപ്പെരു പ്പമുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് കേരളത്തിലെ പ്രധാനപ്പെട്ട റോഡുകൾ നാലുവരിപാതയാക്കി മാറ്റാൻ ദീർഘകാലാടി സ്ഥാനത്തിൽ കരാർ കൊടുത്ത് ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾക്ക് രൂപംകൊടുക്കണം. സംസ്ഥാനത്തിന്റെ നികുതി ഘടന യിൽ മാറ്റമുണ്ടാകണം. വിഭവ സമാഹരണത്തിന് പുത്തൻസ്രോതസ്സ് കണ്ടെത്തണം. എല്ലായിടത്തും സുലഭമായി വില്ക്കപ്പെടുന്ന വിദേശ നിർമ്മിത സാധനങ്ങൾക്ക് നികുതി ഈടാക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കുന്ന പണം പ്രത്യുൽപ്പാദന മേഖലകളിൽ ചെലവഴിക്കണം. കാർഷിക രംഗത്ത് ഒരു സമഗ്ര കാർഷിക വികസന പദ്ധതി തയ്യാറാക്കുന്ന തിനെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യണം. കൃഷി വകുപ്പിനെ കൃഷി വികസന കർഷക ക്ഷേമവകുപ്പാക്കി മാറ്റണം. പാഡി ബോർഡ് രൂപീകരിക്കുന്നതിന് അടിയന്തിര നടപടിയുണ്ടാകണം. ലോക വാണിജ്യ കരാറിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ കാർഷികോൽപ്പ

ന്നങ്ങളുടെ വിപണനം സുതാര്യമാക്കാൻ വ്യാപാര വാണിജ്യ വകുപ്പു ണ്ടാക്കണം. കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ഉടൻ ആരംഭിക്കണം. നാളികേരത്തിന്റെ വിലയിടിവ് നേരിടുന്നതിന് പുതിയ പദ്ധതിക്ക് രൂപം നൽകണം. അട്ടപ്പാടിയിലെ ജനങ്ങളുടെ വരുമാന മാർഗ്ഗമായിരുന്ന കളള് ചെത്ത് പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടിയുണ്ടാകണം. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്ന തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതിനെ സ്വാഗതം ചെയ്യുന്നു. സ്പെഷ്യലൈസ്ഡ് ഹോസ്പ്പിറ്റലുകൾ ആരംഭിക്കണം. പ്രവർത്തന രഹിതമായ പൊതുമേഖലാ സ്ഥാപനങ്ങളെ പരിശോധനയ്ക്ക് വിധേയ മാക്കി മെച്ചപ്പെടുത്താൻ കഴിയുന്നവയെ മെച്ചപ്പെടുത്തുകയും ഒരേ സ്വഭാവത്തിലുള്ളവയെ സംയോജിപ്പിക്കുകയും ലാഭകരമാക്കാൻ കഴി യുന്നവയെ ലാഭകരമാക്കുകയും ചെയ്യണം. കേരളത്തിലെ കേന്ദ്ര നിക്ഷേപം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണ്. കാവേരി നദീജല ട്രൈബ്യൂണലിന്റെ വിധി കേരളത്തെ സംബന്ധിച്ചിടത്തോളം നിരാശാജനകമാണ്. ശക്തമായ ഇടപെടലുണ്ടായില്ലെങ്കിൽ നദീജലത്തിന്റെ കാര്യത്തിൽ മറ്റു സംസ്ഥാനങ്ങൾ കേരളത്തെ കബളി പ്പിക്കുന്ന സാഹചര്യമുണ്ടാകും. സർക്കാർ ഓഫീസുകളുടെ പ്രവർത്തനം സുഗമമാക്കണം. വില്ലേജ് ഓഫീസ് മുതൽ സെക്രട്ടേറിയറ്റ് വരെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ പാവപ്പെട്ട ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സമീപനത്തിന് മാറ്റമുണ്ടാക്കണം.

ശ്രീ. കെ.സി. ജോസഫ്: ബഡ്ജറ്റിനെ എതിർക്കുന്നു. ഈ ബഡ്ജറ്റിൽ ജീവൻരക്ഷാ മരുന്നിനുവരെ നികുതി

ഏർപ്പെടുത്തിയിരിക്കുകയാണ്. ജീവൻരക്ഷാ മരുന്നുകൾക്ക് നികുതി ഒഴിവാക്കി വില കുറയ്ക്കണം. കേരളം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ബഹുമാനപ്പെട്ട രാഷ്ട്രപതി നിർദ്ദേശിച്ച കാര്യങ്ങൾ സംബന്ധിച്ച് ബഡ്ജറ്റിലോ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലോ യാതൊന്നും പറഞ്ഞിട്ടില്ല; ഇതിനായി ബഡ്ജറ്റിൽ തുക മാറ്റിവച്ചിട്ടുമില്ല. 2010-11-ൽ റവന്യൂ കമ്മി ഒരു ശതമാനത്തിന് താഴെയാക്കുന്നതിനു ലക്ഷ്യമിടുന്നു എന്ന് ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ടെങ്കിലും റവന്യൂച്ചെലവ് കുറയ്ക്കാനുള്ള യാതൊരു നിർദ്ദേശവും ഇല്ല.. അയാഥാർത്ഥ്യമായ കണക്കുകളാണ് ബഡ്ജറ്റിലുള്ളത്. 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുകൂലമായാൽ കേന്ദ്രസഹായം കൂടുതൽ ലഭിക്കുകവഴി റവന്യൂ കമ്മി കുറയ്ക്കാൻ സാധിക്കുമെന്ന നിഗമനം ശരിയല്ല. വരുമാനം പ്രതിവർഷം 20 ശതമാനം വർദ്ധിപ്പിക്കുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അത് എങ്ങനെ കൈവരിക്കാം എന്നതു സംബന്ധിച്ച് പറഞ്ഞിട്ടില്ല. വ്യാപാരി വ്യവസായി സമൂഹത്തിന്റെ സൗഹൃദത്തോടെ വാറ്റ് നികുതി വരുന്ന രണ്ടുകൊല്ലം കഴിയുമ്പോൾ ഇരട്ടിയാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അത് കൈവരിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിലെ കാര്യങ്ങൾ ഈ ബഡ്ജറ്റിലും ആവർത്തിച്ചിരിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ സമഗ്ര തീരദേശ പദ്ധതിക്കുവേണ്ടി 3000 കോടി രൂപ ചെലവഴിക്കുമെന്ന് പറഞ്ഞിരുന്നതിൽ എത്രകോടി രൂപ

ചെലവഴിച്ചുവെന്നും കാർഷിക കമ്മീഷന് വകയിരുത്തിയ 156 കോടി രൂപ ഏതൊക്കെ മേഖലകളിൽ ചെലവാക്കിയെന്നും വെളിപ്പെടുത്തണം. കടാശ്വാസ കമ്മീഷന് പ്ലാൻ, നോൺ പ്ളാൻ ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. കേന്ദ്ര ഗവൺമെന്റിന്റെ കാർഷിക പാക്കേജ് സംബന്ധിച്ച സംസ്ഥാന വിഹിതം ഈ ഹെഡ്ഡിൽനിന്ന് ചെലവഴിക്കുമെന്നാണ് പറയുന്നത്. കാർഷിക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചെങ്കിലും ഇതുവരെ അതിന്റെ പ്രവർത്തനം തുടങ്ങുകയോ അത് സംബന്ധിച്ച് റൂൾസ് ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. കേന്ദ്രത്തിൽനിന്നും ലഭിച്ച സഹായത്തെ പേരു മാറ്റി ഇവിടെ അവതരിപ്പിക്കുന്നത് ശരിയല്ല. കേന്ദ്ര ഗവൺമെന്റിന്റെ നിരവധി സഹായങ്ങൾ നേടിയെടുക്കുന്നതിന് ഒറ്റക്കെട്ടായി മുന്നോട്ടുനീങ്ങണം. വിലക്കയറ്റം തടയുന്നതിന് തുകയൊന്നും ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. സിവിൽ സപ്ളൈസ് കോർപ്പറേഷനെ രക്ഷിക്കാൻ അധികമായി തുക അനുവദിച്ചിട്ടില്ല. തൊഴിലില്ലായ്മ പരിഹരിക്കുന്നതുസംബന്ധിച്ച് ബഡ്ജറ്റിൽ യാതൊന്നും പറഞ്ഞിട്ടില്ല. ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. വരൾച്ചയെ നേരിടുന്നതിന് തുക വകയിരുത്തിയിട്ടില്ല. അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കാതെ എങ്ങനെയാണ് ഐ.ടി മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതെന്ന് വ്യക്തമാക്കണം. കേരളത്തെ ബാധിക്കുന്ന മൗലിക പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഈ ബഡ്ജറ്റിലില്ല.

<u>ശ്രീ. കെ.കെ. ജയചന്ദ്രൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കൃഷി, വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ വികസനത്തിന് ദീർഘമായ കാഴ്പ്പാടോടും ദിശാബോധത്തോടും കൂടിയ ബഡ്ജറ്റാണിത്. സംസ്ഥാനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങളോട് സ്വീകരിക്കുന്ന നിലപാടിൽ വ്യക്തമായ മാറ്റങ്ങൾ വരുത്തണം. നികുതിയേതര വരുമാനം ട്രഷറിയിലൂടെയാണ് വരുന്നത്. എല്ലാ ചെലവുകൾക്കും പണമെടുക്കുന്നത് ട്രഷറിയിൽനിന്നാണ്. ട്രഷറിയിൽ പണം ഇല്ലാത്ത സന്ദർഭത്തിൽ റിസർവ്വ് ബാങ്കിൽനിന്നും സംസ്ഥാന ഗവൺമെന്റിന് താൽക്കാലികമായി പണം കടമെടുക്കേണ്ടിവരും. 360 കോടി രൂപയ്ക്കുമുകളിൽ കടമെടുക്കുമ്പോൾ അത് ഓവർ ഡ്രാഫ്റ്റാകും. വ്യവസ്ഥകൾ ലംഘിച്ചാൽ റിസർവ്വ് ബാങ്ക് പണമിടപാട് നിർത്തിവയ്ക്കുകയും ട്രഷറി പൂട്ടേണ്ട സാഹചര്യവുമുണ്ടാകുകയും ചെയ്യും. മുൻകൂർ നികുതിപിരിച്ച് ചെലവുകൾ ക്രമീകരിക്കുകയാണ് ഇതിന് പരിഹാരമാർഗ്ഗം. വരുമാനവും ചെലവും തമ്മിലുള്ള വ്യത്യാസം ഓരോ വർഷവും വർദ്ധിക്കുമ്പോൾ ചെലവുകളിൽ കർശന നിയന്ത്രണം ഏർപ്പെടുത്തേണ്ടിവരികയും അത് പദ്ധതിച്ചെലവിനെ ബാധിക്കുകയും ചെയ്യും. ഇൻഡ്യയിൽ മിക്കവാറും സംസ്ഥാനങ്ങൾ മിച്ച സംസ്ഥാനങ്ങളാണ്. സാധാരണക്കാരുടെ അവകാശങ്ങൾ നിഷേധിച്ചാണ് പല സംസ്ഥാനങ്ങളും മിച്ച സംസ്ഥാനങ്ങളാകുന്നത്. സംസ്ഥാനങ്ങളുടെ ട്രഷറി മിച്ചം 66,000 കോടി രൂപയാണ്. 3000 കോടി രൂപ ചെറുകിട സമ്പാദ്യ പദ്ധതിയിൽനിന്നും എടുക്കാൻ

ശ്രമിച്ചപ്പോൾ 1000 കോടി രൂപയാണ് ലഭിച്ചത്. വ്യക്തികൾക്ക് മാത്രമേ ചെറുകിട സമ്പാദ്യ പദ്ധതിയിൽ തുക നിക്ഷേപിക്കാൻ സാധിക്കൂ. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി തെറ്റായ നയത്തെ തിരുത്തിക്കണം. ജനങ്ങൾക്ക് പരമാവധി ആശ്വാസം പകരുന്ന നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. വ്യവസായം, കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, വൈദ്യുതി, ടൂറിസം തുടങ്ങിയ മേഖലകളെ ശരിയായ ദിശയിലേയ്ക്കാണ് ഈ ഗവൺമെന്റ് നയിക്കുന്നത്. നികുതി വരുമാനത്തിൽ റിക്കാർഡ് വർദ്ധനവാണുണ്ടായിട്ടുള്ളത്. 1089 കോടി രൂപ കഴിഞ്ഞ ഫെബ്രുവരി മാസം നികുതിയിനത്തിൽ പിരിച്ചിട്ടുണ്ട്. ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്കു നഷ്ടപരിഹാരം കൊടുക്കാൻ ബഡ്ജറ്റിൽ നയാപൈസപോലും മാറ്റിവയ്ക്കാത്ത ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റ് ഇപ്പോൾ അതിനെക്കുറിച്ച് വിലപിക്കുന്നതിൽ അർത്ഥമില്ല. കാർഷികമേഖലയിൽ 60 ശതമാനം തുക അടങ്കലായി ഉൾക്കൊള്ളിച്ച് പുരോഗതി കൈവരിക്കാനുള്ള എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ സമീപനങ്ങളെ പ്രതിപക്ഷം കണ്ടില്ലെന്ന് നടിക്കരുത്. യു.ഡി.എഫ്. ഗവണ്മെന്റ് അടച്ചുപൂട്ടാൻ തീരുമാനിച്ച മലബാർ സ്പിന്നിംഗ് മിൽ, മീറ്റർ കമ്പനി എന്നിവ തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചു. പൊതുമേഖലാസ്ഥാപനങ്ങളും സർക്കാരും യോജിച്ച് ഒരു പുതിയ വ്യവസായനയം രൂപീകരിച്ചതുവഴി വ്യവസായമേഖലയിൽ ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിക്കാൻ കഴിഞ്ഞു. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ നവീകരിക്കാനുള്ള പരിശ്രമങ്ങളാണ്

ഈ ഗവണ്മെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. പരമ്പരാഗത വ്യവസായമേഖലയുടെ സമഗ്രവികസനത്തിനായി 156 കോടി രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ശ്രദ്ധേയമാണ്. സ്ത്രീകൾക്കും കുട്ടികൾക്കും കൂടുതൽ പരിരക്ഷ നൽകി ആരോഗ്യനിലവാരം മെച്ചപ്പെടുത്താനും പൊതുവിതരണം, ശുദ്ധജലവിതരണം എന്നീ സേവന മേഖലകളെ കാര്യക്ഷമമാക്കാനുമുള്ള നടപടികൾക്ക് ബഡ്ജറ്റിൽ തുടക്കം കുറിച്ചിട്ടുണ്ട്. ഈ ഗവണ്മെന്റ് കേന്ദ്രത്തിന്റെ ന്യായമായ നടപടികളെ പിന്താങ്ങുകയും ജനദ്രോഹനടപടികളെ എതിർക്കുകയും ചെയ്യുമെന്ന കാര്യത്തിൽ തർക്കമില്ല. പുതിയ ഗവേഷണങ്ങളും തൊഴിലധിഷ്ഠിത കോഴ്സുകളും ഐ.ടി. വ്യാപനവും കേന്ദ്രമാക്കി വിദ്യാഭ്യാസ മേഖലയെ ഉടച്ചുവാർക്കുന്നതിനുള്ള പരിശ്രമങ്ങളാണ് ഈ ഗവണ്മെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ, ഇക്കോ ടൂറിസം, വിനോദസഞ്ചാരം, ഇൻഫ്രാസ്ട്രക്ച്ചർ വികസനം തുടങ്ങിയ മേഖലകൾക്ക് പ്രാധാന്യം നൽകുന്നതുമൂലം തൊഴിലില്ലായ്മയ്ക്ക് ഒരു പരിധി വരെ പരിഹാരം കാണാവുന്നതാണ്. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്ന ഒരു ബഡ്ജറ്റാണിത്. കമ്മി കുറയ്ക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. മുല്ലപ്പെരിയാർ നദീജലതർക്കവുമായി ബന്ധപ്പെട്ട പ്രശ്നത്തിന് പരിഹാരം കാണാൻ പ്രാഥമിക തുടക്കം കുറിച്ച ഗവണ്മെന്റിനെ അഭിനന്ദിക്കുന്നു. സി.എച്ച്.ആർ. ഭൂമിയിൽ 1-1-1977 മുതൽ കൃഷി ചെയ്തുവരുന്ന മുഴുവൻ കൃഷിക്കാർക്കും പട്ടയം നൽകുന്നതോടൊപ്പം

കുത്തക പാട്ടത്തിന്റെ കാലാവധി പുതുക്കുകയും ചെയ്യണം. തോട്ടം തൊഴിലാളികളെ സംരക്ഷിക്കാനുള്ള ഈ ഗവണ്മെന്റിന്റെ ക്രിയാത്മക നടപടികളെ തുരങ്കംവയ്ക്കുന്ന പ്രതിപക്ഷത്തിന്റെ നീക്കം ഉപേക്ഷിക്കണം. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാനുള്ള നടപടികളുമായി ഗവണ്മെന്റ് മുന്നോട്ടുപോകുകയാണ്. ഇതിനാവശ്യമായ തുക കൂടി മാറ്റിവയ്ക്കണം. കടലോര മേഖലയ്ക്കും കശുവണ്ടി മേഖലയ്ക്കും അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: ബഡ്ജറ്റിനെ എതിർക്കുന്നു. കേന്ദ്രസർക്കാർ നടപ്പാക്കിയ ക്ഷേമപ്രവർത്തനങ്ങളുടെയും വികസന പദ്ധതികളുടെയും ഒരു പുനർവായനയാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരണത്തിലൂടെ നടത്തിയിരിക്കുന്നത്. രാഷ്ട്രപതി നിയമസഭയിൽ അവതരിപ്പിച്ച വികസന നിർദ്ദേശങ്ങളിൽ ഒന്നുപോലും ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. റവന്യൂ കമ്മിയും ആളോഹരി കടവും ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കടം വാങ്ങുന്ന പണം ക്രിയാത്മകമായി വിനിയോഗിക്കാനോ ലക്കി വാറ്റ്, സ്പോർട്ട്സ് ലോട്ടറി എന്നിവയിലൂടെ ലക്ഷ്യം കൈവരിക്കാനോ ഗവണ്മെന്റിനു സാധിച്ചിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവന ചെയ്തപ്രകാരം അധിക വരുമാനമുണ്ടാക്കാനോ കേന്ദ്രത്തിൽനിന്നുള്ള വിഹിതം നേടിയെടുക്കാനോ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിന് കഴിഞ്ഞില്ലെന്നത് യാഥാർത്ഥ്യമാണ്. തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാനോ വിദേശ മലയാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കോ ഉള്ള യാതൊരു നിർദ്ദേശവും

ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. മേൽത്തട്ട് നിയമന പരിശോധനയ്ക്കായി നിയമിച്ച കമ്മിഷന്റെ വരുമാനപരിധി സംബന്ധിച്ച ശുപാർശ പുന:പരിശോധിക്കണം. മദ്യഷാപ്പുകൾ നിർല്ലോഭം നൽകാനുള്ള എൽ. ഡി.എഫ്. ഗവണ്മെന്റിന്റെ നടപടി ഉപേക്ഷിക്കണം. ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുന്നതു വഴി സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം നഷ്ടപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. കെ.എസ്.ടി.പി.-യുമായി ബന്ധപ്പെട്ട കരാർ നൽകിയത് സംബന്ധിച്ച് ഒരന്വേഷണം നടത്താൻ ഗവണ്മെന്റ് തയ്യാറാകണം. ഭക്ഷ്യ എണ്ണ ഇറക്കുമതി നിയന്ത്രിക്കുന്നതിനായി ഭരണ-പ്രതിപക്ഷ കക്ഷിവ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി പൊരുതണം.

<u>ശ്രീ. രാജാജി മാത്യു തോമസ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഭാവനാസമ്പന്നവും ദൂരക്കാഴ്ചയുമുള്ള ഒരു ബഡ്ജറ്റാണിത്. രാഷ്ട്രീയം കുത്തിനിറച്ച ഒരു ബഡ്ജറ്റാണെന്ന പ്രതിപക്ഷത്തിന്റെ ആരോപണം അടിസ്ഥാനരഹിതമാണ്. സംസ്ഥാനത്തിന്റെ പുരോഗതി ലക്ഷ്യമാക്കി 2011 ആകുമ്പോൾ റവന്യൂ വരുമാനവും ചെലവും തുല്യമാക്കാൻ കഴിയുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. സാമൂഹ്യവും സാമ്പത്തികവുമായ സമതുലനാവസ്ഥ നിലനിർത്തിക്കൊണ്ടുള്ള കർമ്മപരിപാടികളാണ് ഇതിൽ ആവിഷ്ക്കരിച്ചിട്ടുള്ളത്. യു.ഡി.എഫ്. ഗവണ്മെന്റ് തകർത്ത് തരിപ്പണമാക്കിയ കാർഷികമേഖലയേയും പരമ്പരാഗത വ്യവസായമേഖലയേയും പുനരുദ്ധരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു ബഡ്ജറ്റാണിത്. സാധാരണക്കാരായ കർഷകരും

അടിസ്ഥാന മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളും ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുകയാണ്. ആഗോളവൽക്കരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും കാലഘട്ടത്തിൽ ജനങ്ങൾക്ക് പ്രതീക്ഷ നൽകുന്ന ഈ ബഡ്ജറ്റ് കൃഷിക്കും പരമ്പരാഗത വ്യവസായത്തിനും വമ്പിച്ച ഊന്നൽ നൽകിയിട്ടുണ്ട്. പൊതുമേഖലയെ സംരക്ഷിക്കുന്നതിനും ലാഭകരമാക്കി മാറ്റുന്നതിനുമുള്ള ശ്രമങ്ങൾക്ക് പ്രാധാന്യം കൊടുത്തിട്ടുണ്ട്. കർഷക കടാശ്വാസ കമ്മിഷൻ ഉൾപ്പെടെ വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിക്കപ്പെട്ടത് ശ്ലാഘനീയമാണ്. ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയ കേരളത്തിൽ അതിനനുസൃതമായ കൃഷിരീതിയും കാർഷിക ബന്ധവും പുന:സംഘടിപ്പിക്കുന്നതിനും തുണ്ടുകളാക്കപ്പെട്ട ഭൂമിയിൽ ആദായകരമായി കൃഷി നടത്താൻ ആധുനിക കൃഷി വിജ്ഞാനവും രാഷ്ട്രീയ വീക്ഷണവും സംയോജിപ്പിച്ചുകൊണ്ടുപോകുന്നതിനും വ്യക്തമായ കാഴ്ച്ചപ്പാടുണ്ടാകണം. എല്ലാ സർവ്വകലാശാലകളിലും നടപ്പിലാക്കിയ യു.ജി.സി. കാർഷിക സർവ്വകലാശാലയിലും നടപ്പാക്കണം. യു.ഡി.എഫ്. ഭരണകാലത്ത് 60,000 കോടിയോളം രൂപയുടെ നിക്ഷേപം ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിലൂടെ കൊണ്ടുവരുന്നുവെന്ന് പറഞ്ഞ് ജനങ്ങളെ കബളിപ്പിച്ചെങ്കിൽ കഴിഞ്ഞ പത്ത് മാസത്തിനിടയിൽ കെ.എസ്.ഐ.ഡി.സി.യും.കിൻഫ്രയും 5 ഇൻവെസ്റ്റർ മീറ്റുകൾ നടത്തി 2,388 കോടി രൂപയുടെ എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്. സ്വർണ്ണാഭരണ വ്യവസായംപോലെ പരമ്പരാഗത വ്യവസായങ്ങളെ കണ്ടെത്താനും പരിപോഷിപ്പിക്കാനും കഴിഞ്ഞത്

എടുത്തുപറയേണ്ട നേട്ടമാണ്. സ്വർണ്ണാഭരണ വ്യവസായത്തെ സഹായിക്കുന്നതിനായി തൃശ്ശൂരിൽ സ്ഥാപിക്കാൻ പോകുന്ന വ്യവസായ കോംപ്ലെക്സിൽ ആധുനിക ആഭരണ നിർമ്മാണത്തിൽ സ്ത്രീ–പുരുഷ ഭേദമെന്യേ ആവശ്യമായ പരിശീലനം നൽകുന്നതിനും സാമ്പത്തികശേഷിയില്ലാത്ത ആഭരണ നിർമ്മാതാക്കൾക്ക് കോമൺ ഫെസിലിറ്റി ഉണ്ടാക്കുന്നതിനും സർക്കാർ ഉറപ്പ് നൽകിയത് പ്രശംസനീയമാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന് വിലക്കയറ്റത്തിനെതിരെ ഫലപ്രദമായി പ്രവർത്തിക്കാൻ ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തണം. ആരോഗ്യമേഖലയിൽ കുറഞ്ഞ വിലയ്ക്കും സൗജന്യമായും മരുന്ന് വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. തൃശ്ശൂരിലെ മൃഗശാലയ്ക്ക് ആവശ്യമായ ബഡ്ജറ്റ് വിഹിതം അടിയന്തിരമായി വകയിരുത്തണം. വികലാംഗരുടെ പെൻഷൻ തുക വർദ്ധിപ്പിക്കണം. പ്രവാസി കേരളീയർക്കായി ഒരു ക്ഷേമപദ്ധതിക്ക് രൂപം നൽകണം.

<u>ശ്രീ. കെ.കെ. ഷാജു</u>: ബഡ്ജറ്റിനെ എതിർക്കുന്നു. കാർഷിക–വ്യാവസായിക മേഖലയിലെ പുരോഗമനത്തിന് കാര്യമായ നിർദ്ദേശങ്ങളൊന്നും ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. കർഷകന് ന്യായവിലയും ആവശ്യമായ ഇൻസെന്റീവും ലഭ്യമാക്കാനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഈ ബഡ്ജറ്റിൽ യാതൊരു നിർദ്ദേശവുമില്ല. കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ തുക വകയിരുത്തണം. കാർഷിക മേഖലയ്ക്കുള്ള 1,000 കോടി രൂപ

തദ്ദേശഭരണസ്ഥാപനങ്ങളുടെ അക്കൗണ്ടിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വീട് വയ്ക്കുന്നതിന് അനുവദിച്ച ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി ആരംഭിക്കണം. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഈ ബഡ്ജറ്റിൽ പരാമർശിച്ചിട്ടില്ല. കെ.എസ്.എഫ്.ഇ.യിൽ വ്യാപകമായി നടക്കുന്ന പിൻവാതിൽ നിയമനങ്ങളെക്കുറിച്ച് അന്വേഷിക്കണം.

ശ്രീ. എം. കെ. പ്രേംനാഥ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വിലക്കയറ്റം നിയന്ത്രിക്കുകയും കാർഷിക കടാശ്വാസ കമ്മീഷനുവേണ്ടി 100 കോടി രൂപ പദ്ധതിയേതര ഇനമായി വകയിരുത്തുകയും ചെയ്ത നടപടിയെ സ്വാഗതം ചെയ്യുന്നു. നെൽക്കൃഷി വികസനത്തിനും നെൽക്കർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിനും 8.5 രൂപയ്ക്ക് നെല്ല് സംഭരിക്കുന്നതിനുമായി 45 കോടി രൂപ വകയിരുത്തിയതിനേയും നാളികേര വികസനത്തിന് 25 കോടി രൂപ അനുവദിച്ചതിനേയും സ്വാഗതം ചെയ്യുന്നു. മെഡിക്കൽ യൂണിവേഴ്സിറ്റി കോഴിക്കോടുതന്നെ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ആയുർവ്വേദത്തെ പ്രോത്സാഹിപ്പിക്കുകയും ഹൈസ്ക്കൂൾ കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യം വർദ്ധിപ്പിക്കുകയും ബിരുദ-ബിരുദാനന്തര ഗവേഷണത്തിന് സ്കോളർഷിപ്പ് ഏർപ്പെടുത്തുകയും ചെയ്തത് വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്ക് ഉതകുന്നതാണ്. കേരള, കോഴിക്കോട്, മഹാത്മാഗാന്ധി, സംസ്കൃതം, കണ്ണൂർ സർവ്വകലാശാലകൾക്ക് 163 കോടി രൂപയും പ്രസ് അക്കാഡമിക്ക് 20

ലക്ഷം രൂപയും അനുവദിച്ചതിനെ സ്വാഗതം ചെയ്യുന്നു. ഭവനനിർമ്മാണ രംഗത്ത് ഇ.എം.എസ്. പാർപ്പിട പദ്ധതി ആവിഷ്ക്കരിച്ചത് എല്ലാവർക്കും വീടെന്നുള്ള ലക്ഷ്യം കൈവരിക്കാൻ പ്രാപ്തമാണ്. കൈത്തറി മേഖലയ്ക്ക് ഇപ്പോൾ നൽകിയിരിക്കുന്ന 25 കോടി രൂപയ്ക്കുപുറമേ കൂടുതൽ തുക അനുവദിക്കണം. കർഷകത്തൊഴിലാളി പെൻഷനും കുടിശ്ശികയും നൽകാൻ 162 കോടി രൂപയും കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി 26 കോടി രൂപയും വകയിരുത്തിയിരിക്കുന്നത് സർക്കാരിന്റെ സാമൂഹ്യ പ്രതിബദ്ധതയാണ് വ്യക്തമാക്കുന്നത്. ടൂറിസം മേഖലയിൽ ഏതാണ്ട് 100 കോടി രൂപയാണ് ഈ ഗവൺമെന്റ് മുതൽമുടക്കുന്നത്. ടൂറിസം വികസനത്തിൽ വടകരയിലുള്ള പഴംകുറ്റി, ലോകനാർകാവ് പ്രദേശങ്ങളെക്കൂടി ഉൾപ്പെടുത്തണം. കോഴിക്കോടുള്ള കോട്ടൺ മിൽസും കേരളാ സോപ്സ് ആന്റ് ഓയിൽസും അടിയന്തിരമായി തുറന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടിയെടുക്കണം. കെ.എസ്. ആർ.ടി.സി.യുടെ സമഗ്രവികസനത്തിനും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് കീഴിലുള്ള സബ് സെന്ററുകൾ ശക്തിപ്പെടുത്താനും സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ എല്ലാ ജില്ലകളിലും ആരംഭിക്കാനുമുള്ള നടപടികൾ സ്വാഗതാർഹമാണ്. വളരെ പുരോഗമന പരമായ പദ്ധതികളാണ് തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളുടെ വികസനത്തിനായി ആവിഷ്ക്ക രിച്ചിട്ടുള്ളത്. അംഗവൈകല്യവും ബുദ്ധിമാന്ദ്യവും സംഭവിച്ച കുട്ടി കൾക്കുള്ള ആനുകൂല്യങ്ങൾ നൽകണം. സഹകരണ ആശുപത്രി

ക്കുവേണ്ടി ഒരു സമഗ്ര നയം രൂപീകരിക്കണം. ബഡ്ജറ്റിൽ വിഭാവന ചെയ്യുന്ന മുല്ലപ്പെരിയാറിൽ പുതിയ ഒരു അണക്കെട്ട് നിർമ്മാണം, കുടിവെള്ള പദ്ധതികൾ എന്നിവയെ സ്വാഗതം ചെയ്യുന്നു. ജീവൻരക്ഷാമരുന്നുകളുടെ വില കുറയ്ക്കണം. കോഴിക്കോട് ജില്ലയ്ക്ക് ആവശ്യമായ പരിഗണന നൽകണം. വടകര ചോമ്പാലിൽ പോലീസ് സ്റ്റേഷൻ, വടകരയിൽ കുടുംബ കോടതി, വടകര താലൂക്കാശുപത്രി ജനറലാശുപത്രിയാക്കി മാറ്റാനുള്ള നടപടികൾ എന്നിവ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

ശ്രീമതി ജെ. അരുന്ധതി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. 212.13 കോടി രൂപ അധികച്ചെലവും 248.69 കോടി രൂപ അധിക വിഭവ സമാഹരണവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണിത്. സാമൂഹ്യ സുരക്ഷാ പദ്ധതികളും കാർഷിക പരമ്പരാഗത മേഖലകളുടെ സംരക്ഷണ പരിപാടികളും സ്വാഗതാർഹമാണ്. കാർഷിക ഗവേഷണ കേന്ദ്രത്തെ ശക്തമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കാർഷിക കടാശ്വാസ കമ്മിഷൻ നിയമത്തിലെ വ്യവസ്ഥകൾ സമയബന്ധിതമായി നടപ്പിലാക്കണം. ഇ.എം.എസ്. പാർപ്പിട പദ്ധതി സംസ്ഥാന ഗവൺമെന്റിന്റെ മേൽനോട്ടത്തിൽത്തന്നെ നടപ്പിലാക്കണം. പരമ്പരാഗത വ്യവസായങ്ങൾക്കുവേണ്ടിയുള്ള വികസന പരിപാടികളെയും കയർ മേഖലയ്ക്ക് 106 കോടി രൂപ മാറ്റിവച്ചതിനെയും സ്വാഗതം ചെയ്യുന്നു. മരുന്നുകൾ കഴിയുന്നത്ര വിലകുറച്ച് രോഗികൾക്ക് ലഭ്യമാക്കണം. 27 വർഷങ്ങൾക്കുശേഷം കേരളത്തിലാദ്യമായി ആലപ്പുഴ, തൃശൂർ മെഡിക്കൽ കോളേജുകളിൽ ഓരോ നഴ്സിംഗ് കോളേജ് സ്ഥാപിച്ച്

114 കുട്ടികൾക്ക് പ്രവേശനം നൽകുകയും 2500 പുതിയ നഴ്സുമാരെ ഉടനടി നിയമിക്കുമെന്ന ഉറപ്പുനൽകുകയും ചെയ്തത് സ്വാഗതാർഹമാണ്. കഴിഞ്ഞ 3 വർഷമായി ആരോഗ്യ വോളന്റിയർമാരായി പണിയെടുത്തിരുന്ന സ്ത്രീത്തൊഴിലാളികളോടുള്ള യു.ഡി. എഫ്. ഗവൺമെന്റിന്റെ വിവേചനത്തിന് മാറ്റം വരുത്തിക്കൊണ്ട് അവരെ ആരോഗ്യ രംഗത്തെ ജീവനക്കാരായി നിയമിക്കാൻ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയത് ഈ ബഡ്ജറ്റിന്റെ ആദ്യകൈനീട്ടമായി അംഗീകരിക്കുകയാണ്. വിലക്കയറ്റം, സാമൂഹ്യ പ്രശ്നങ്ങൾ, ക്രമസമാധാനത്തകർച്ച എന്നിവ രൂക്ഷമായിരിക്കുമ്പോൾ അധികാരമേറ്റെടുത്ത ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ സ്വാഗതാർഹമാണ്. അധികാരത്തിലേറി ചുരുങ്ങിയ നാളുകൾകൊണ്ട് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താൻ ഈ സർക്കാരിന് സാധിച്ചുവെന്നത് ശ്ളാഘനീയമാണ്. പോലീസ് ഡിപ്പാർട്ടുമെന്റിൽ പരിഷ്ക്കാരങ്ങൾ വരുത്തിക്കൊണ്ട് സംസ്ഥാനത്തെ ക്രമസമാധാന നില ഭദ്രമാക്കി. സ്ത്രീപീഡന കേസുകളിലെ കുറ്റവാളികളെ യാതൊരു കാരണവശാലും രക്ഷപ്പെടാൻ അനുവദിക്കരുത്. കെ.എസ്.ടി.പി.യുടെ പ്രവർത്തനത്തിലുണ്ടായിട്ടുള്ള പോരായ്മകൾ നികത്തി അവ മെച്ചപ്പെടുത്തണം. കുടിവെള്ള പദ്ധതികൾക്കും മരാമത്തു പണികൾക്കും ഫണ്ട് അനുവദിച്ചുവെങ്കിലും മൂന്ന് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വാമനപുരം നദിയിലെ പാലത്തിന് ബഡ്ജറ്റിൽ തുക

അനുവദിക്കാതിരുന്നത് ഖേദകരമാണ്. ഭേദഗതി വരുത്തുമ്പോൾ ഇതിനാവശ്യമായ തുക ഉൾക്കൊള്ളിക്കുമെന്ന് പ്രതീക്ഷിക്കുന്നു. തൊഴിലില്ലായ്മ പാടെ തുടച്ചു നീക്കാനാണ് എൽ.ഡി.എഫ്. സർക്കാർ പരിശ്രമിക്കുന്നത്. താൽക്കാലികമാണെങ്കിൽപോലും നിരവധി നിയമനങ്ങൾ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ നടത്തി. ടൂറിസം രംഗത്ത് എൽ.ഡി.എഫ്. സർക്കാർ ഒരു കുതിച്ചുചാട്ടംതന്നെ നടത്തിക്കൊണ്ടിക്കുകയാണ്. ആര്യനാട്, വാമനപുരം പഞ്ചായത്തുകളിൽ ടൂറിസം പദ്ധതികൾക്ക് രൂപം നൽകുന്നതോടൊപ്പം പൊൻമുടി ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിനുവേണ്ടി ഒരു ടൂറിസം വികസന സമിതിക്ക് രൂപം നൽകണം. സ്പോർട്ട്സ് രംഗത്ത് ഒട്ടേറെ കാര്യങ്ങൾ തുടങ്ങിവയ്ക്കാൻ സാധിച്ച എൽ.ഡി.എഫ്. സർക്കാർ അവ പൂർത്തീകരിക്കാനാവശ്യമായ ഫണ്ട് ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണം. പിരപ്പൻകോട് അന്താരാഷ്ട്ര നിലവാരത്തിലുള്ള നീന്തൽക്കുളത്തിന്റെ പണി പൂർത്തിയാക്കണം. പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ പശ്ചാത്തല വികസനത്തിനാവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം നൽകണം. നീക്കിവച്ചിട്ടുള്ള തുക ഉപയോഗിച്ച് ഒ.ഇ.സി. വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകിവരാറുള്ള വിദ്യാഭ്യാസാനുകൂല്യം കൃത്യമായി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പൂട്ടിക്കിടന്ന പല പൊതുമേഖലാ സ്ഥാപനങ്ങളും തുറന്നു പ്രവർത്തിപ്പിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. വനം വകുപ്പിനെ മാഫിയകളുടെ കയ്യിൽ നിന്നും രക്ഷപ്പെടുത്തി ചന്ദനസംരക്ഷണം ഉറപ്പുവരുത്താനും ഈ സർക്കാരിന്

സാധിച്ചിട്ടുണ്ട്. ഒരു മണ്ഡലത്തിൽ ഒരു വനിതാവ്യവസായ കേന്ദ്രം എന്ന തോതിൽ തുടങ്ങുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം.

ശ്രീ. മോൻസ് ജോസഫ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പൊതുവെ എല്ലാ മേഖലയിലുള്ളവരും സ്വാഗതം ചെയ്യുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. റിസർവ് ബാങ്കിന്റെ കണക്കനുസരിച്ച് സംസ്ഥാനത്തെ പൊതു കടം 57,688 കോടി രൂപയാണ്. 17,100 രൂപയുടെ ആളോഹരി കടം സംസ്ഥാനത്തിനുണ്ടാക്കിവച്ചതിന്റെ പൂർണ്ണ ഉത്തരവാദിത്വം യു.ഡി.എഫ്. സർക്കാരിനാണ്. യു.ഡി.എഫ്. ഭരണകാലത്തുണ്ടായിരുന്ന പദ്ധതിത്തുക വെട്ടിച്ചുരുക്കൽ, ക്ഷേമപദ്ധതികൾ നിറുത്തിവയ്ക്കൽ, നിയമനനിരോധനം, ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ നൽകാതിരിക്കൽ തുടങ്ങിയവയെല്ലാം മാറ്റിയെടുക്കാനാണ് എൽ.ഡി.എഫ്. സർക്കാർ ശ്രമിക്കുന്നത്. സാമ്പത്തിക നില മെച്ചപ്പെടുത്താനുതകുംവിധം വിഭവസമാഹരണത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ബഡ്ജറ്റിൽ കാർഷിക-ടൂറിസം രംഗങ്ങളിൽ സുസ്ഥിരവികസനം ഉറപ്പാക്കുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സർക്കാർ ശ്രമം നടത്തുകയാണ്. കാർഷികമേഖലയിൽ ഉൽപ്പാദനത്തിനും സംസ്ക്കരണത്തിനും വിപണനത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടെണ്ടർ എക്സസ്സ് നിറുത്തലാക്കി ഷെഡ്യൂൾ ഓഫ് റേറ്റ് കൊണ്ടുവന്ന് പൊതുമരാമത്ത് രംഗത്ത് മാറ്റങ്ങൾ സൃഷ്ടിക്കുകയാണ്. കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കുന്ന കാര്യത്തിൽ വ്യക്തത ഉണ്ടാക്കണം. പി.ഡബ്ളിയു.ഡി. വർക്കുകൾ

മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആവശ്യമായ തുക വകയിരുത്തണം. പി.ഡബ്ളിയു.ഡി.ക്ക് നബാർഡിൽ നിന്നും കിട്ടുന്ന തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. ടൂറിസം വികസനത്തിനാവശ്യമായ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പദ്ധതികൾ ആവിഷ്ക്കരിക്കണം. ലാന്റ് അക്വിസിഷൻ പോലും നടത്താതെ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ നേരെയാക്കാനുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ ശ്രമം സ്വാഗതാർഹ മാണ്.. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ കൂടംകുളം വൈദ്യുതിപദ്ധതി നടപ്പിലാക്കണം. ജീവൻരക്ഷാമരുന്നുകൾക്ക് വിലകൂടുവാൻ സാദ്ധ്യതയുണ്ടെന്ന സാധാരണക്കാരുടെ ആശങ്ക അകറ്റണം. സിൽക്ക് ഐറ്റത്തിന് മാത്രം ഒരു ശതമാനം നികുതി ഈടാക്കി മറ്റു തുണിത്തരണങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കണം. കടുത്തുരുത്തിയിലെ ഗവൺമെന്റ് പോളിടെക്നിക്ക് പ്രവർത്തിപ്പി ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം കടുത്തുരുത്തിയിലും കുറവിലങ്ങാട്ടും ഓരോ മിനി സിവിൽ സ്റ്റേഷനുകൾ സ്ഥാപിക്കണം.

<u>ശ്രീ. എ. എ. അസീസ്:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കാർഷികമേഖല, പട്ടികജാതി പട്ടികവർഗ്ഗ വികസനം, തൊഴിലാളി ക്ഷേമപദ്ധതികൾ തുടങ്ങിയവയ്ക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള ബഡ്ജറ്റാണിത്. 5 കോടി രൂപയ്ക്ക് മേൽ വില വരുന്ന ഖാദി ഉൽപ്പന്ന ങ്ങൾക്ക് മാത്രമേ 4% നികുതി ഈടാക്കാൻ പാടുള്ളൂ. പരമ്പരാഗത വ്യവസായം എന്ന നിലയിൽ കശുവണ്ടി വ്യവസായത്തിനാവശ്യമായ

സംരക്ഷണം നൽകണം. കശുവണ്ടി കോർപ്പറേഷനും കാപ്പെക്സിനും 7658.47 ലക്ഷം രൂപയുടെ നഷ്ടമുണ്ടാക്കി വച്ചുകൊണ്ടാണ് യു.ഡി.എഫ്. ഗവണ്മെന്റ് അധികാരമൊഴിഞ്ഞത്. ഇവിടെ പണിയെടുക്കുന്ന 10846 തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ഇനത്തിൽ കൊടുക്കാനുണ്ടായിരുന്ന 36.33 കോടി രൂപ ലഭ്യമാക്കണം. കോർപ്പറേഷനേയും കാപ്പെക്സിനേയും നിലനിറുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പാർട്ടിഭേദമെന്യേ കൊല്ലത്തെ എല്ലാ ട്രേഡ് യൂണിയനുകളും ചേർന്ന് വകുപ്പു മന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. കയർ-കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ കുടിശ്ശിക എത്രയും വേഗം കൊടുത്തുതീർക്കണം. കശുവണ്ടി മേഖലയിൽ നിലവിലുള്ള പന്ത്രണ്ടര ശതമാനം നികുതി 4 ശതമാനമാക്കി കുറയ്ക്കണം.

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാധാരണ ജനങ്ങളുൾപ്പെടെ എല്ലാവരാലും അംഗീകരിക്കപ്പെട്ട ഒരു ബഡ്ജറ്റാണിത്. കേരളത്തിലെ ഏതാണ്ട് എല്ലാ പത്രമാധ്യമങ്ങളും ഈ ബഡ്ജറ്റിനനുകൂലമായാണ് റിപ്പോർട്ട് എഴുതിയത്. യു.ഡി.എഫ്. ഭരണകാലത്ത് അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗവും ഇപ്പോൾ എൽ.ഡി.എഫ്. സർക്കാരിന്റെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗവും വായിച്ചു നോക്കിയാൽ ഭാഷയുടെ സഭ്യതയിൽ പോലും മികവ് പ്രകടിപ്പിച്ച ബഡ്ജറ്റാണിതെന്നു മനസ്സിലാകും. 1991-മുതൽ കേന്ദ്രസർക്കാർ സ്വീകരിച്ച ആഗോളവൽക്കരണ-

പുത്തൻ സാമ്പത്തികനയങ്ങളുടെ ഭാഗമായി ഈ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളും പാപ്പരായി. കടക്കെണിയിൽപ്പെട്ട് തൊഴിലാളികളും കൃഷിക്കാരും ആത്മഹത്യ ചെയ്യുന്ന സാഹചര്യമുണ്ടായി. അതേസമയം ചില വ്യക്തികൾ ശതകോടീശ്വരന്മാരായി; സമ്പത്തെല്ലാം ഏതാനും വ്യക്തികളുടെ കൈകളിലായി. കാർഷിക മേഖലയുടെ പുരോഗതി കേവലം 2 ശതമാനത്തിന് താഴെയാണ്. ആഗോളവൽക്കരണ-സാമ്പത്തിക നയങ്ങൾക്ക് ബദലായി സമൂല പുരോഗതിക്കാവശ്യമായ സമീപനമാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 30 കോടിരൂപ അനുവദിച്ചതോടൊപ്പം സിവിൽ സ്പ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് എന്നിവയുടെ സാമ്പത്തികനഷ്ടം ഏറ്റെടുക്കാൻ തയ്യാറാണെന്നും ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കേന്ദ്രഗവൺമെന്റ് പൊതുവിതരണ ശൃംഖല തകർത്ത് അവധിവ്യാപാരം ഉൾപ്പെടെ കുത്തകകളെ ഏൽപ്പിച്ചു. പെട്രോളിയം ഉല്പന്നങ്ങൾക്ക് പലപ്രാവശ്യം വിലകൂട്ടിയതിനെത്തുടർന്ന് രൂക്ഷമായ വിലക്കയറ്റമുണ്ടായി. സംസ്ഥാനത്തെ പാവപ്പെട്ടവരെ ആത്മഹത്യയിലേയ്ക്ക് തള്ളിവിടുന്ന നയമാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ സ്വീകരിച്ചിരിക്കുന്നത്. ഇതിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ച് ആ സ്ഥാപനത്തെ മാന്യമായ നിലയിലേയ്ക്ക് കൊണ്ടുവരാൻ സന്നദ്ധമാകണം. ഈ സർക്കാർ കർഷകരെ സഹായിക്കുന്നതിന് ഒട്ടേറെ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശിക അനുവദിച്ചു;

പെൻഷൻ തുക 10 രൂപ കൂട്ടാൻ തീരുമാനിച്ചത് സ്വാഗതാർഹമാണെങ്കിലും അത് 20 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണം. ഭൂമി കൈമാറ്റം നടത്തുമ്പോൾ ഒരു നിശ്ചിത ശതമാനം സെസ്സ് ആയി പിരിച്ചെടുക്കാൻ കഴിഞ്ഞാൽ ഈ രംഗത്തെ നിരവധി പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. കൊല്ലങ്കോട് മണ്ഡലത്തിലെ 'പലകപാണ്ടി' പദ്ധതിക്ക് 5 കോടി രൂപ അനുവദിച്ചതിനെ സ്വാഗതം ചെയ്യുന്നു. നെന്മാറയിൽ ട്രഷറി ആരംഭിക്കണം. യു.ഡി.എഫ്. ഭരണകാലത്തെ എല്ലാ അഴിമതികളും പുറത്തു കൊണ്ടുവരാൻ കർശനമായ നിലപാട് സ്വീകരിക്കണം. .രവീന്ദ്ര സച്ചാർ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് പഠിക്കാനും അതിന്റെ അടിസ്ഥാനത്തിൽ നിഗമനങ്ങളിലെത്താനും പദ്ധതികൾ പ്രഖ്യാപിക്കാനും കഴിഞ്ഞു. കേരളത്തിന്റെ സമഗ്ര പുരോഗതിക്കുള്ള നിർദ്ദേശങ്ങളടങ്ങിയ ബഡ്ജറ്റാണിത്.

<u>ശ്രീ. എ.കെ. ശശീന്ദ്രൻ:</u> ഈ ബഡ്ജറ്റ് പ്രസംഗത്തോടുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഉത്പാദനമേഖലയിൽ നിലനിൽക്കുന്ന മുരടിപ്പ് മറികടക്കാൻ ഒരു നടപടിയും ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടില്ല. നെല്ലിന്റെയും നാളികേരത്തിന്റെയും ഉത്പാദനം കുറഞ്ഞു. കാർഷിക മേഖലയ്ക്ക് പ്ലാൻ വിഹിതത്തിൽ ഗണ്യമായ കുറവ് വരുത്തിയിരിക്കുക യാണ്. കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ടൂറിസം മേഖലയിലെ പദ്ധതികൾക്കല്ലാതെ മറ്റൊന്നിനും പണം നീക്കിവച്ചിട്ടില്ല. കൈത്തറി മേഖലയിൽ രണ്ട് കോടി രൂപയുടെ കയറ്റുമതി നടക്കുന്ന കണ്ണൂർ ജില്ലയിൽ വിമാനത്താവളം നിർമ്മിക്കുന്നതിന് പ്രാരംഭനടപടികൾ

ആരംഭിച്ചതല്ലാതെ പണി തുടങ്ങുന്നതിനെ സംബന്ധിച്ച് യാതൊന്നും ബഡ്ജറ്റിൽ പറഞ്ഞിട്ടില്ല. .കെ.എസ്.ആർ.ടി.സി.യിലെ ബസ് ചാർജ്ജിൽ ഓരോ 24 രൂപ കഴിയുമ്പോഴും ഒരു രൂപ സെസ്സ് ഏർപ്പെടുത്താനുള്ള തീരുമാനം ദീർഘദൂര ബസ് യാത്രക്കാരുടെ എണ്ണം കുറയ്ക്കാൻ കാരണമാക്കും, ആ തീരുമാനം പുനഃപരിശോധിക്കണം. ആകെ ജനസംഖ്യയുടെ 20 ശതമാനം മാത്ര മാണ് പൊതുവിതരണ മേഖലയിൽ വരുന്നത്. അതുകൊണ്ട് വിലക്ക യറ്റം നിയന്ത്രിക്കാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികളുടെ പ്രയോ ജനം ഭൂരിപക്ഷം ജനങ്ങൾക്കും ലഭിച്ചിട്ടില്ല.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാധാരണക്കാർക്ക് നികുതിഭാരമില്ലാതെ വികസനോന്മുഖതയും സമഗ്രതയും ഉൾക്കൊള്ളുന്ന ഈ ബഡ്ജറ്റ് കേരളത്തിലെ ജനങ്ങൾക്ക് പ്രതീക്ഷ നൽകുന്നു. കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയും കേന്ദ്ര ബഡ്ജറ്റ് മൂലം സൃഷ്ടിക്കപ്പെട്ട സങ്കീർണ്ണമായ പ്രശ്നങ്ങളും കണക്കിലെടുക്കുമ്പോഴാണ് ഈ ബഡ്ജറ്റിന്റെ പ്രസക്തി കൂടുതൽ വ്യക്തമാകുന്നത്. കേന്ദ്ര സംസ്ഥാന ബന്ധത്തിൽ പൊളിച്ചെഴുത്ത് അനിവാര്യമാണ്. കേന്ദ്രം കേരളത്തോട് കാണിക്കുന്ന അവഗണന തുടരുന്നിടത്തോളംകാലം സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതികൾക്ക് പരിഹാരം കാണാൻ കഴിയില്ല. 2007-08 പതിനൊന്നാം പദ്ധതിക്ക് തുടക്കം കുറിക്കുന്ന വർഷമാണ് എന്നതുകൊണ്ട് ഈ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. റവന്യൂ കമ്മിയും ധനകമ്മിയും

കുറയ്ക്കാൻ ഈ ഗവൺമെന്റിന് സാധിച്ചത് മെച്ചപ്പെട്ട ഫിനാൻസ് മാനേജുമെന്റിന്റെ പ്രത്യക്ഷ ഉദാഹരണമാണ്. ധൂർത്തും ധാരാളിത്തവും അവസാനിപ്പിച്ച് സർക്കാരിന് ലഭിക്കാനുള്ള വരുമാനം കാര്യക്ഷമമായി പിരിച്ചെടുത്ത് വികസന പദ്ധതികൾക്ക് രൂപം കൊടുക്കാനുള്ള ശ്രമം സ്വാഗതാർഹമാണ്. കൃഷി, വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം, ടൂറിസം മേഖലകൾക്ക് മുന്തിയ പരിഗണന നൽകിയും മറ്റു മേഖലകളെ കാര്യമാത്രപ്രസക്തമായവിധത്തിൽ കണക്കിലെടുത്തും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള വിവിധ പരിപാടികളെ സ്വാഗതം ചെയ്യുന്നു. ടൂറിസം മേഖലയുടെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തണം. മുഴപ്പിലങ്ങാടുള്ള ഡ്രൈവ്-ഇൻ-ബീച്ച് പ്രയോജനപ്പെടുത്തുന്ന രൂപത്തിൽ പരിഗണിച്ചതിനെ അഭിനന്ദിക്കുന്നു. കണ്ണൂർ ജില്ലയിൽ ആരംഭിക്കാൻ തീരുമാനിച്ച പബ്ലിക് ഹെൽത്ത് ലബോറട്ടറി മലബാറിന് അനുഗ്രഹമാണ്. കൈത്തറി മേഖലയ്ക്ക് നീക്കിവച്ച വിഹിതം വർദ്ധിപ്പിക്കാനും ഖാദിക്കും കൈത്തറിക്കും മുൻഗണന നൽകാനും സ്വീകരിച്ച നടപടികളെ സ്വാഗതം ചെയ്യുന്നു. എല്ലാ ജില്ലകളിലും സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ ആരംഭിക്കുന്നതും മരുന്നു വാങ്ങാനായി 103 കോടി രൂപ നീക്കിവച്ചതും ആരോഗ്യ മേഖലയിൽ നവീകരണശ്രമങ്ങൾക്ക് തുടക്കം കുറിക്കും. മരുന്നിന്റെ വിലവർദ്ധന പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഡോക്ടർമാർക്കും നഴ്സുമാർക്കും നിർബന്ധിതമായി പൊതു ആരോഗ്യ മേഖലയിൽ സേവനം ഏർപ്പെടുത്തിയതും അംഗവൈകല്യം

സംഭവിച്ചവരെയും മന്ദബുദ്ധികളെയും കണക്കിലെടുത്തു കൊണ്ടുള്ള പരിപാടികൾക്ക് രൂപം കൊടുത്തതും സ്വാഗതാർഹമാണ്. സർക്കാർ സ്വീകരിച്ച ഫലപ്രദമായ നടപടിമൂലം പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം വർദ്ധിച്ചിട്ടുണ്ട്. കടൽഭിത്തി നിർമ്മാണത്തിന് നീക്കിവച്ചിട്ടുള്ള തുക വർദ്ധിപ്പിക്കണം. കടൽത്തീര മേഖലയെ സംരക്ഷിക്കുന്നതിന് കടലാക്രമണത്തെ നാഷണൽ കലാമിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകരിപ്പിക്കാനും അതുവഴി കേന്ദ്ര ഗവൺമെന്റിൽ നിന്നും കൂടുതൽ സാമ്പത്തിക സഹായം ലഭ്യമാക്കി കേരളത്തെ രക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കാനും സാധിക്കണം. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചത് സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായിക്കും. തദ്ദേശഭരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്താനുള്ള ശ്രമം അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കുന്നതിന് സഹായിക്കും. അതിനാവശ്യമായ ഉദ്യോഗസ്ഥരുടെ വിന്യാസത്തിൽ ഉണ്ടായിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുകൊണ്ട് ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഐ.ടി. മേഖലയുടെ വികസനത്തിനുവേണ്ടി ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്തണം. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കൊച്ചി മെട്രോ റെയിൽവേ പദ്ധതി പ്രാവർത്തികമാക്കുന്നത് നന്നായിരിക്കും. ഇതുവരെ പ്രവർത്തനം ആരംഭിച്ചതും പൂർത്തീകരിക്കാൻ സാധിക്കാത്തതുമായ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര പ്രാധാന്യത്തോടുകൂടി ധനസഹായം ലഭ്യമാക്കണം.

പൂർത്തീകരിക്കാതെ കിടക്കുന്ന റോഡുകളുടേയും പാലങ്ങളുടേയും പണി പൂർത്തീകരിക്കണം. ഭരണയന്ത്രത്തിന്റെ ശുഷ്കാന്തി കാര്യക്ഷമമാക്കുവാനും സംസ്ഥാനത്ത് അഴിമതിരഹിത ഭരണം കാഴ്ചവച്ചുകൊണ്ട് മുന്നോട്ടുപോകാനുമുള്ള ശ്രമങ്ങളിൽ ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുന്ന മുന്നണി ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ള ഈ ബഡ്ജറ്റ് കേരളത്തിൽ ഐശ്വര്യപൂർണ്ണമായ ഭാവിക്കുള്ള വിളംബരമാണ്.

ശ്രീ. വി.ഡി. സതീശൻ : ബഡ്ജറ്റിനെ എതിർക്കുന്നു. ഈ ബഡ്ജറ്റിലെ എല്ലാ പദ്ധതികളിലും ഒരു കേന്ദ്ര ടച്ചുണ്ട്. ഫെഡറൽ സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഒരു സംസ്ഥാന ഗവണ്മെന്റിന് കേന്ദ്രസഹായമില്ലാതെ പ്രവർത്തിക്കാൻ കഴിയില്ല. ഈ ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെ കേന്ദ്ര പരിപാടികൾ നടപ്പിലാക്കുന്ന പാസ്സീവ് റോൾ മാത്രമുള്ള ഒരു സർക്കാരായി കേരള സർക്കാർ മാറിയിരിക്കുക യാണ്. കാർഷികമേഖലയ്ക്കായി പ്ളാൻ ഫണ്ടിൽ നീക്കിവച്ചിരിക്കുന്ന തുക കുറവാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതവും കുടുംബശ്രീ പദ്ധതിക്കുള്ള വിഹിതവും മുൻഗവണ്മെന്റ് വകയിരുത്തി യിരുന്നതിനേക്കാൾ കുറവാണ്. ബഡ്ജറ്റ് നിർദ്ദേശങ്ങൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തതാണ്. പ്ളാനിംഗ് ബോർഡും ഗവണ്മെന്റും ഒത്തുചേർന്നുകൊണ്ട് ജനങ്ങളെ കബളിപ്പിക്കുകയാണ് ചെയ്യുന്നത്. പ്ളാൻ ഫണ്ടിൽ വെറും 4 ശതമാനത്തിന്റെ വർദ്ധനവാ ണുള്ളത്. പ്രൈവറ്റ് പാർട്ടിസിപ്പേഷൻ ഇല്ലാതെ ഇക്കോണമി ശക്തിപ്പെ ടുകയില്ല. കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങളൊന്നും ചെയ്യാൻ

ഈ ഗവണ്മെന്റിനു ഇതുവരെയും കഴിഞ്ഞിട്ടില്ല. കേരളത്തിന്റെ സാമ്പത്തികനിലയെ വളരെ ലാഘവത്തോടുകൂടിയാണ് ഈ സർക്കാർ കാണുന്നത്. പൊതു കടം 55000 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. റവന്യൂ കമ്മിയുടെ കാര്യത്തിൽ സർവ്വകാല റെക്കോർഡാണ്. യാതൊരു നിയന്ത്രണവുമില്ലാതെ കടമെടുത്ത് ധനക്കമ്മിയുണ്ടാക്കുന്നു. പല പദ്ധതികൾക്കുമുള്ള പ്രൊപ്പോസലുകൾ കേന്ദ്ര ഗവണ്മെന്റിന് ഇതുവരെയും സമർപ്പിച്ചിട്ടില്ല കേന്ദ്ര വാണിജ്യവകുപ്പ് സഹമന്ത്രി 27 പദ്ധതികൾ പ്രഖ്യാപിച്ചിട്ട് അവ നടപ്പിലാക്കുന്ന കാര്യത്തിൽ ഒരു ആലോചനപോലും നടത്തിയിട്ടില്ല. റവന്യൂ വരുമാനത്തിൽ ലക്ഷക്കണെക്കിനു കോടി രൂപയുടെ വർദ്ധനവ് ഉണ്ടാക്കിക്കൊണ്ടാണ് കേന്ദ്ര ഗവണ്മെന്റ് റവന്യൂ ഡെഫിസിറ്റും ഫിസ്ക്കൽ ഡെഫിസിറ്റും താഴോട്ടു കൊണ്ടുവന്നത്. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരെ സഹായിക്കാൻ വേണ്ടിയുള്ള ഒരു പ്രോജക്ടും ഈ ബഡ്ജറ്റിൽ ഇല്ല. ആശ്രയ പദ്ധതി ഒരു പഞ്ചായത്തിലേയ്ക്കുപോലും വ്യാപിപ്പിക്കാൻ ശ്രമിച്ചിട്ടില്ല. തൊഴിലില്ലായ്മയും വിലക്കയറ്റവും അതിരൂക്ഷമായി തുടരുകയാണ്. തീരദേശ മേഖലയ്ക്കുവേണ്ടി 3 കോടി രൂപ വച്ചിരിക്കുന്നത് കഴിഞ്ഞ ബഡ്ജറ്റിന്റെ ആവർത്തനമാണ്. പാർപ്പിട പദ്ധതിയെക്കുറിച്ച് പറഞ്ഞിട്ടുണ്ടെങ്കിലും അതിനായി പണം നീക്കിവച്ചിട്ടില്ല. ബഡ്ജറ്ററി പ്രൊവിഷൻ കൊടുത്ത് സഹായിക്കേണ്ട കെ.എസ്.ആർ.ടി.സി.യെ അങ്ങേയറ്റം ദ്രോഹിക്കുന്ന സമീപനമാണ് എടുത്തിരിക്കുന്നത്. കോടിമത, നാഗമ്പടം ഫ്ളൈഓവർ ബി.ഒ.ടി. അടിസ്ഥാനത്തിൽ പണിയും എന്നുപറഞ്ഞിരിക്കുന്നത് വെറും പ്രഹസനമാണ്. നികുതിയിനത്തിൽ 2000 കോടി രൂപ

കൂടുതൽ കിട്ടിയപ്പോൾ അത് ലക്കിവാറ്റ് മുഖേനയാണെന്നുപറഞ്ഞാൽ ജനം വിശ്വസിക്കില്ല. ലക്കി വാറ്റ് റീസ്ട്രക്ച്ചർ ചെയ്യണം. ബഡ്ജറ്ററി കൺസ്ട്രെയിൻസ് ഈ ബഡ്ജറ്റിൽ പാലിച്ചിട്ടില്ല.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ശാസ്ത്രീയവും പ്രായോഗികവുമായിട്ടുള്ള നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വസ്തുനിഷ്ഠമായി ബഡ്ജറ്റിനെ വിലയിരുത്തുന്നതിനു പകരം ഇടതുപക്ഷജനാധിപത്യ മുന്നണിക്കെതിരായിട്ടുള്ള ആരോപണങ്ങളാണ് പ്രതിപക്ഷം നിരത്തിയത്. കണക്കുകൾകൊണ്ട് കസർത്തുകാണിക്കാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറായിട്ടില്ല. ഗവണ്മെന്റിന്റെ നയമാണ് ഈ ബഡ്ജറ്റിലൂടെ കാണാൻ കഴിയുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് റവന്യൂ കമ്മി കുറച്ചുവെന്നു കാണിക്കാൻവേണ്ടി പാവപ്പെട്ട ജനങ്ങളുടെ സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള പണം വെട്ടിച്ചുരുക്കുകയും അത്തരം പദ്ധതികൾ നടപ്പാക്കാതിരിക്കുകയും ചെയ്തു. കേന്ദ്ര ബഡ്ജറ്റിൽ ഒരുപാട് അപാകതകളുണ്ട്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുകയാണ്. ഒരു രാജ്യത്തിന്റെ വളർച്ച എന്നുപറയുന്നത് ധനവാന്മാരുടെ വളർച്ചയല്ല, മറിച്ച് പാവപ്പെട്ട ജനങ്ങളുടെ ജീവിതനിലവാരത്തിൽ വരുന്ന മാറ്റമാണ്. ഭൂപരിഷ്ക്കരണം, വിദ്യാഭ്യാസ പരിഷ്കരണം എന്നിവയൊക്കെയാണ് കേരളത്തിൽ മെച്ചപ്പെട്ട ജീവിതനിലവാരം സാധ്യമാക്കിയിട്ടുള്ളത്. കടുത്ത സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടുമാത്രമേ കേരളത്തിന് മുന്നേറാൻ സാധിക്കൂ. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്തുള്ള ക്ഷേമ ആനുകൂല്യങ്ങളുടെ കുടിശ്ശിക ഈ ഗവണ്മെന്റാണ് കൊടുത്തുതീർത്തത്. റവന്യൂ കമ്മി കുറയ്ക്കുന്നതിനെ

പ്പറ്റി ബഡ്ജറ്റിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്.. റവന്യൂ കമ്മി കുറയ്ക്കാൻ ഈ ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്ന സമീപനം ക്ഷേമ ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കലല്ല. 2010 ആകുമ്പോൾ റവന്യൂ കമ്മി ഇല്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സാധാരണക്കാരന് ഗുണം ചെയ്യുന്ന നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്. പൊതു കമ്പോളത്തിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കാൻ ഈ ഗവണ്മെന്റിന് സാധിച്ചു സിഗററ്റ്, പുകയില എന്നിവയ്ക്കും ആഡംബര വാഹനങ്ങൾക്കും കൂടുതൽ നികുതി ചുമത്തിയതിനെ സ്വാഗതം ചെയ്യുന്നു. എന്നാൽ ചെറുപ്പക്കാർ സ്വയംതൊഴിൽ പദ്ധതിപ്രകാരം ലോണെടുത്ത് ഓടിക്കുന്ന വാഹനങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കണം. ആരാധനാലയങ്ങളുടെ വരുമാനത്തിന്റെ ഒരു പങ്ക് കേരളത്തിന്റെ വളർച്ചയെ സഹായിക്കാൻ നൽകണമെന്ന് അഭ്യർത്ഥിക്കണം. ആരോഗ്യരംഗത്ത് ധാരാളം കാര്യങ്ങൾ ചെയ്യാൻ ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. കണ്ണൂരിൽ പബ്ളിക് .ഹെൽത്ത് ലാബ് സ്ഥാപിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. അവിടെ ഗവണ്മെന്റ് ചെലവിൽ ഡി.എൻ.എ ടെസ്റ്റ് നടത്താനുള്ള സൗകര്യം ചെയ്യണം. പെൺഭ്രൂണഹത്യ തടയാൻ നടപടി സ്വീകരിക്കണം. ആറളം ഫാമിലെ ആശുപത്രിയിൽ ആംബുലൻസും മറ്റ് വാഹനസൗകര്യങ്ങളും ഏർപ്പെടുത്തണം. അവിടെ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ അനുവദിക്കണം. അർഹതയുള്ളവർക്കെല്ലാം ബി.പി.എൽ. കാർഡ് നൽകാൻ നടപടിയുണ്ടാകണം. കണ്ണൂർ വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം ഉൽപ്പാദനം വർദ്ധിപ്പിച്ച് റവന്യൂ കമ്മി

നികത്തി വരുമാനം വർദ്ധിപ്പിക്കാനുള്ള പ്രായോഗിക പ്രവർത്തനങ്ങൾക്ക് ഈ ഗവണ്മെന്റ് മുൻതൂക്കം നൽകുന്നുവെന്നത് ശ്രദ്ധേയമാണ്.

ശ്രീ. കെ. ടി. ജലീൽ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഒരു ഫെഡറൽ സംവിധാനത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് മെച്ചപ്പെട്ട ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ ഈ ഗവണ്മെന്റിന് സാധിച്ചിട്ടുണ്ട്. കേരളത്തിലെ സാമ്പത്തിക വിദഗ്ദ്ധർ സ്വാഗതം ചെയ്യുന്ന ബഡ്ജറ്റാണിത്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ പലതും നഷ്ടത്തിലായി. കാർഷികരംഗത്ത് നാമമാത്രമായ വളർച്ചാനിരക്കുമാത്രമേ കൈവരിക്കാൻ കഴിഞ്ഞ ഗവണ്മെന്റിന് കഴിഞ്ഞിരുന്നുള്ളൂ. അതിൽ നിന്നൊക്കെ വ്യത്യസ്തമായി വർഷങ്ങളായി അവഗണിക്കപ്പെട്ടിരുന്ന കാർഷിക, വ്യാവസായിക, ആരോഗ്യ, വിദ്യാഭ്യാസ, പരമ്പരാഗത മേഖലകൾക്ക് പ്രാമുഖ്യം നൽകുന്ന ബഡ്ജറ്റാണിത്. ആരോഗ്യമേഖലയിൽ പുതിയ ഗവേഷണം, തൊഴിലധിഷ്ഠിത കോഴ്സുകൾ, ഐ.ടി. വ്യാപനം തുടങ്ങിയവ ഉപയോഗപ്പെടുത്താൻ കഴിയണം. സാധാരണക്കാരെ തകർക്കുന്ന വിധത്തിലുള്ള നികുതി നിർദ്ദേശങ്ങളൊന്നുമില്ലാത്ത ബഡ്ജറ്റാണിത്. ഇടത്തരം ജലസേചന പദ്ധതികൾക്ക് ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തണം. ഗാർഹിക സാധനങ്ങൾക്കുള്ള നികുതി കുറച്ചത് അഭിനന്ദനീയമാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പുന:സംഘടന, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, മരാമത്ത് കോൺട്രാക്ടർമാരുടെ കുടിശ്ശിക തീർക്കൽ, ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾക്കായി 43 കോടിരൂപ തുടങ്ങിയ ബഡ്ജറ്റ് നിർദ്ദേശങ്ങൾ

സ്വാഗതാർഹമാണ്. പ്ളസ് ടൂ വിദ്യാഭ്യാസ സൗകര്യമില്ലാത്ത പഞ്ചായത്തുകളിൽ പുതിയ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ ആരംഭിക്കണം. കേരളത്തിന് ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന പ്രവാസിമലയാളികൾക്ക് ക്ഷേമനിധിയും പെൻഷൻ പദ്ധതിയും അനുവദിക്കണം. അവശകലാകാരന്മാർക്ക് നീക്കിവച്ചിരിക്കുന്ന തുക വർദ്ധിപ്പിക്കണം. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ ആശ്രയിക്കുന്ന കോഴിക്കോട് സർവ്വകലാശാലയ്ക്ക് മറ്റ് യൂണിവേഴ്സിറ്റികൾക്കനുവദിച്ചതുപോലെയുള്ള തുക അനുവദിക്കണം. ജീവൻ രക്ഷാ മരുന്നുകൾക്ക് നികുതി ചുമത്തിയത് പുന:പരിശോധിക്കണം. എയർ കണ്ടിഷണർ, വാക്വം ക്ളീനർ, വാഷിംഗ് മെഷീൻ തുടങ്ങിയ വൈദ്യുത ഉപകരണങ്ങൾക്കും ഹോർലിക്സ്, ബോൺവിറ്റ പോലുള്ള ഹെൽത്ത് ഡ്രിങ്കുകൾക്കുമുള്ള നികുതി വർദ്ധിപ്പിക്കണം. വാഹനങ്ങൾക്ക് ഗ്യാസ് ഘടിപ്പിക്കുന്ന ഗ്യാസ് കൺവർട്ടർ സെന്ററുകൾക്കും .വർക്ക് ഷാപ്പുകൾക്കും നികുതി ഏർപ്പെടുത്തണം. വിൽപ്പന നികുതിയും ഓൺലൈൻ ലോട്ടറി കുടിശ്ശികയും ഘട്ടംഘട്ടമായി പിരിച്ചെടുക്കണം. വിദേശ മലയാളികളിൽനിന്ന് പണം പിരിച്ച് സ്ഥാപനങ്ങൾ നടത്തുന്നത് സംബന്ധിച്ച് വ്യക്തമായ കണക്ക് സൂക്ഷിക്കുകയും ബന്ധപ്പെട്ടവർക്ക് ലാഭവിഹിതം നൽകുകയും വേണം. കേരളത്തിലെ മുഴുവൻ രാഷ്ട്രീയപാർട്ടികളുടേയും പ്രവർത്തനഫലമായിട്ടാണ് ഇവിടത്തെ ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ സാധിച്ചിട്ടുള്ളതെന്ന സത്യം വിസ്മരിക്കുന്നില്ല. ന്യൂനപക്ഷങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ കക്ഷിഭേദമെന്യേ എല്ലാവരും ഒന്നിച്ചുനിൽക്കേണ്ടതാണ്.

<u>ശ്രീ. എൻ. രാജൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഭരണ രംഗത്ത് സുതാര്യത ഉറപ്പുവരുത്തുന്ന ബഡ്ജറ്റാണിത്. അഴിമതിരഹിതമായ സിവിൽ സർവ്വീസ് നടപ്പാക്കുകയാണ് ഗവണ്മെന്റിന്റെ ലക്ഷ്യം. വരുംകാല ബഡ്ജറ്റുകൾക്ക് മാർഗ്ഗരേഖ നൽകുന്ന, വളരെയധികം അക്കാഡമിക് ഇൻപുട്ടുള്ള ബഡ്ജറ്റാണിത്. 2010 ആകുമ്പോൾ റവന്യൂ റസീറ്റ്സും എക്സ്പെൻഡിച്ചറും തുല്യമാക്കി കമ്മി ഇല്ലാതാക്കുമെന്ന നിശ്ചയദാർഢ്യമാണ് ബഡ്ജറ്റിൽ കാണുന്നത്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് സേവന മേഖലകളെ മരവിപ്പിക്കുകയും വികസന മേഖലയെ സ്തംഭിപ്പിക്കുകയും സാമൂഹ്യ ക്ഷേമപദ്ധതികളുടെ പ്രവർത്തനം നിറുത്തിവയ്ക്കുകയും ചെയ്തിരുന്നു. അഴിമതിയും ധൂർത്തും അവസാനിപ്പിച്ച് വരുമാനമുണ്ടാക്കാൻ ശ്രമമുണ്ടാകണം. എം.ജി.പി. –യിലെ പോരായ്മകൾ കണ്ടുപിടിക്കണം. കെ.എസ്.ടി.പി. യുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ടെന്റർ വിളിക്കാനുള്ള നടപടികൾ പൂർത്തിയാക്കി ഭരണാനുമതി നൽകണം. പണം ചെലവാക്കാതെ ബില്ലുകൾ മാറിക്കൊടുത്ത കഴിഞ്ഞകാല നടപടികളെക്കുറിച്ച് അന്വേഷിക്കണം. ദേശീയതലത്തിൽ ഭക്ഷ്യോൽപ്പാദനം കുറഞ്ഞതുമൂലം നിത്യോപയോഗ സാധനങ്ങൾക്കുണ്ടായ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടികളുണ്ടാകണം. കശുവണ്ടിത്തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കൊടുത്തുതീർക്കുന്നതിനും, കർഷകത്തൊഴിലാളികൾക്കും, കശുവണ്ടിത്തൊഴിലാളികൾക്കും പെൻഷൻ കൊടുത്തുതീർക്കുന്നതിനും ആവശ്യമായ തുക വകയിരുത്തണം. കശുവണ്ടിത്തൊഴിലാളികളുടെ പെൻഷൻതുക 10 രൂപ വർദ്ധിപ്പിച്ചത് അപര്യാപ്തമായതിനാൽ

കൂടുതൽ തുക അനുവദിക്കണം. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 18 ലക്ഷം തൊഴിലാളികൾ ഇപ്പോൾ അംഗങ്ങളാണ്. 60 വയസ് കഴിഞ്ഞ് പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ചികിൽസാ സഹായം അടക്കം കൊടുക്കുന്നതിന് 89 കോടി രൂപ വേണ്ടിവരുമെന്നാണ് ഡിസംബർ 31 വരെയുള്ള കണക്കെങ്കിലും 3 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്; അത് 10 കോടി രൂപയായി വർദ്ധിപ്പിക്കണം. നിത്യോപയോഗ സാധനങ്ങളുടെ പട്ടികയിൽ പച്ചക്കറി വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ഹോർട്ടിക്കൾച്ചർ കോർപ്പറേഷൻവഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഹരിതശ്രീക്ക് 5 ലക്ഷം രൂപയാണ് ഇപ്പോൾ വച്ചിട്ടുള്ളത്; അത് പുന:പരിശോധിക്കണം. ടോക്കൺ പ്രൊവിഷനെങ്കിലും ഉൾപ്പെടുത്തി കാർഷിക കടാശ്വാസ കമ്മീഷനെപ്പോലെ കർഷക ക്ഷേമനിധിബോർഡ് നടപ്പാക്കണം.

<u>ശ്രീ. തോമസ് ചാഴികാടൻ</u> : ബഡ്ജറ്റിനെ എതിർക്കുന്നു. ഇവിടെ അവതരിപ്പിച്ചത് കേന്ദ്ര സഹായ ബഡ്ജറ്റാണ്. കേന്ദ്ര സഹായവും എ.ഡി.ബി. വായ്പയും ലോകബാങ്ക് വായ്പയും ഇല്ലായിരുന്നുവെങ്കിൽ ധനകാര്യ വകുപ്പുമന്ത്രിക്ക് ബഡ്ജറ്റ് അവതരിപ്പിക്കാൻ സാധിക്കില്ലായിരുന്നു. കേന്ദ്ര സഹായത്തിന്റെ ഗണ്യമായ വർദ്ധനവ് മുന്നിൽകണ്ടുകൊണ്ട് 2010-11 വർഷം ആകുമ്പോൾ റവന്യൂ കമ്മി ഇല്ലാതാകുമെന്നാണ് പറഞ്ഞിട്ടുള്ളത്. കാർഷിക മേഖലയ്ക്ക് 1000 കോടി രൂപ കൊടുക്കുമെന്ന് പറഞ്ഞിരിക്കുന്നത് എങ്ങനെ കണ്ടെത്തുമെന്ന് വ്യക്തമാക്കണം. 2006-07-ലെ ബഡ്ജറ്റിൽ

കേരളത്തിലെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾക്കായി 12 കോടി രൂപ അനുവദിച്ചിരുന്നു. ഇത്തവണ 4 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഇത് മെഡിക്കൽ കോളേജുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നതിനാൽ കൂടുതൽ തുക മാറ്റിവയ്ക്കണം. ഈ ബഡ്ജറ്റിലൂടെ പ്രഖ്യാപിത പദ്ധതികളൊന്നും നടപ്പാക്കാനാവില്ല. കോടിമത മുതൽ നാഗമ്പടം വരെ ഒരു ഫ്ളൈ ഓവർ സ്ഥാപിക്കുന്നതിന് 65 ലക്ഷം രൂപയാണ് ചെലവ് വരുന്നത്. അതിന് ഒരു ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വച്ചിരിക്കുന്നത്. ഇൻവെസ്റ്റിഗേഷൻ, ലാന്റ് അക്വിസിഷൻ, ടെണ്ടർ തുടങ്ങിയ നടപടികളൊന്നും തന്നെ നടന്നിട്ടില്ല. കോട്ടയം ജില്ലയിലെ മീനച്ചൽ റിവർവാലി പദ്ധതിയുടെ ഒന്നാംഘട്ട പണിക്ക് 65 കോടി രൂപയുടെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്തുവെങ്കിലും ഈ ബഡ്ജറ്റിൽ അത് സംബന്ധിച്ച് ഒന്നുംപറയുന്നില്ല. 22 കുടിവെള്ള പദ്ധതികൾക്ക് പ്രയോജനം ലഭിക്കുന്ന മീനച്ചൽ പദ്ധതിക്ക് ആവശ്യമായ പണം മാറ്റിവയ്ക്കണം. ജീവൻരക്ഷാ മരുന്നുകൾക്ക് നികുതി ഏർപ്പെടുത്തിയതുമൂലം വിലകൂടുന്ന സാഹചര്യം ഒഴിവാക്കണം. കെ.എസ്.ആർ.ടി.സി.യുടെ 25 രൂപയിലധികം വരുന്ന ടിക്കറ്റുകൾക്ക് ഒരു രൂപ വീതം സെസ്സ് ഏർപ്പെടുത്തിയ നടപടി പിൻവലിക്കണം. നെല്ല് സംഭരണം വർദ്ധിപ്പിച്ച് കർഷകർക്ക് ന്യായമായ വില ലഭ്യമാക്കണം.

<u>ശ്രീ. പി. കൃഷ്ണപ്രസാദ് </u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഈ ബഡ്ജറ്റ് കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും സ്വീകാര്യമായിട്ടുണ്ട്. മാധ്യമങ്ങൾപോലും ബഡ്ജറ്റിനെ അനുകൂലിച്ചിരിക്കുകയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുമെന്ന കണക്കുകൂട്ടലും ട്രഷറി അടച്ചുപൂട്ടുമെന്ന സാഹചര്യവും മാറിയിട്ടുണ്ട്. മികച്ച ധനകാര്യ മാനേജുമെന്റിലൂടെയും ദീർഘവീക്ഷണത്തോടെയും തയ്യാറാക്കിയ ബഡ്ജറ്റാണിത്. വരുന്ന അഞ്ചുവർഷക്കാലത്തേയ്ക്ക് ഈ ബഡ്ജറ്റ് ഗുണംചെയ്യും. കൃഷി, വ്യവസായം,. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകൾക്ക് ബഡ്ജറ്റിൽ മുൻഗണന കൊടുക്കുന്നുണ്ട്. ടൂറിസം, ഐ.ടി. മേഖലകൾക്ക് അർഹമായ പരിഗണന നൽകിയിട്ടുണ്ട്. സാധാരണക്കാരുടെമേൽ അധികഭാരം അടിച്ചേൽപ്പിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് തുടരുന്ന ഉദാരവൽക്കരണത്തെ തിരുത്തുന്ന ബഡ്ജറ്റാണിത്. കേന്ദ്ര ഗവൺമെന്റിന്റെ ഉദാരവൽക്കരണത്തിന്റെ ഫലമായി കേരളത്തിന്റെ സമ്പദ്ഘടനയും ഉൽപ്പാദനമേഖലയും കടുത്ത തകർച്ചയിലായി. ഗൗരവമായ സാമ്പത്തിക തകർച്ചയെയാണ് കേരളം നേരിടുന്നത്. ടൂറിസം, ഐ.ടി. തുടങ്ങിയ മേഖലകളുടെ വളർച്ച സമ്പന്നന്മാർക്കാണ് പ്രയോജനം ചെയ്യുന്നത്. സംസ്ഥാനത്തെ ജനങ്ങൾക്ക് ആവശ്യമുള്ള ഭക്ഷ്യസാധനങ്ങൾ വാങ്ങാൻ സാധിക്കാത്തതുകൊണ്ടാണ് 2002-ൽ 630 ലക്ഷം ടൺ ഭക്ഷ്യ സാധനങ്ങൾ ഫുഡ് കോർപ്പറേഷൻ ഗോഡൗണിൽ കെട്ടിക്കിടന്നത്. ഇന്ന് ഗുരുതരമായ ഭക്ഷ്യ കമ്മിയിലെത്തിയിരിക്കുകയാണ്. സ്റ്റോക്ക് ഇല്ലാത്തതുകൊണ്ട് ഭക്ഷ്യ സാധനങ്ങൾ വിദേശത്തുനിന്നും ഇറക്കുമതി

ചെയ്യുന്ന സാഹചര്യമാണുള്ളത്.. പ്രാഥമിക മേഖലയുടെ തകർച്ച കേരളത്തിൽ രൂക്ഷമായി തുടരുന്നതുമൂലം ഉല്പാദന മേഖലയിൽ വികസന പ്രതിസന്ധി നിലനിൽക്കുകയാണ്. സംയുക്ത സഹകരണങ്ങളിലൂടെ 300 കോടി രൂപയുടെ നിക്ഷേപം പൊതുമേഖലയിൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ടെലികോം സിറ്റിയും. വയനാട്ടിൽ ഫുഡ് പ്രോസസ്സിംഗ് യൂണിറ്റും ആരംഭിക്കാനെടുത്ത നടപടി സ്വാഗതാർഹമാണ്. ഇതുവഴി ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ സാധ്യത തെളിയും. കെ.എസ്.ഐ.ഡി.സി.യും കിൻഫ്രയും ചേർന്ന് 727 വ്യവസായങ്ങൾ തുടങ്ങിയതിൽ 590 എണ്ണവും സ്വകാര്യമേഖല യിലാണ്. 5 വ്യവസായ മീറ്റിലൂടെ 2,388 കോടി രൂപയുടെ 70 ധാരണാപത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ട്. കാർഷിക മേഖല തകർച്ചയുടെ വക്കിലാണ്. കേരളം മറ്റ് തെക്കൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കടത്തിന്റെ കാര്യത്തിൽ മുന്നിലും ടാക്സ് പിരിക്കുന്നതിൽ പിന്നിലുമാണ്. ഈ സർക്കാർ 160 കോടി രൂപ കടമെഴുതി തള്ളുന്നതിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. കേന്ദ്രത്തിൽ കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തെ ങ്കിലും നടപ്പിലായില്ല. സ്വാമിനാഥൻ കമ്മീഷൻ നിർദ്ദേശപ്രകാരം വില സ്ഥിരതാ ഫണ്ടിന് ആവശ്യമായ തുക വകയിരുത്താൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സാമ്പത്തിക പ്രതിസന്ധിക്കിടയിലും 15

കോടി രൂപ വിപണിക്കുവേണ്ടി ഈ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുണ്ട്. കാർഷിക മേഖലയെ തകർക്കുന്ന സമീപനമാണ് കേന്ദ്രഗവൺമെന്റിനുളളത്. നെൽകൃഷിയുമായി ബന്ധപ്പെട്ട് മാർക്കറ്റ് ഇന്റർവെൻഷൻ നടത്താൻ സാധിച്ചത് ശ്ലാഘനീയമാണ്. കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിക്കാനായി 160 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. വയനാട്, പാലക്കാട്, ഇടുക്കി ജില്ലകൾക്ക് പച്ചക്കറി കൃഷി നടത്തിപ്പുമായി ബന്ധപ്പെട്ട് ബഡ്ജറ്റ് വിഹിതം അനുവദിക്കണം. നെൽകർഷകർക്ക് ഏതാണ്ട് 45 കോടിയിൽപ്പരം രൂപ 2007-08-ൽ ചെലവഴിക്കപ്പെടും. കടക്കെണിയിൽപ്പെട്ട കർഷകരെ മോചിപ്പിക്കുന്നതിന് ബാങ്കുമായി സഹകരിച്ച് വായ്പ ഉറപ്പുവരുത്തുന്നതിനും കുടുതൽ തുക പീന്നീട് അനുവദിച്ചുകൊണ്ട് ഉല്പാദനമേഖലയെ ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ സർവ്വകലാശാലകൾക്കും സാങ്കേതിക മേഖലയിൽ കൊച്ചി സർവ്വകലാശാലയ്ക്കും എഞ്ചിനീയറിംഗ് കോളേജുകൾക്കും ആർ.സി.സി.ക്കും പ്രതിഭാ കൗൺസിലിനും ശാസ്ത്ര പോഷണത്തിനും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഉല്പാദന–അടിസ്ഥാന മേഖലകൾ ശക്തിപ്പെടുത്തുന്നതോടൊപ്പം വിദ്യാഭ്യാസ ആരോഗ്യ മേഖലകൾ ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് നിശ്ചിത കാലയളവിനുള്ളിൽ റവന്യൂ വരുമാനവും റവന്യൂച്ചെലവും ഏകദേശം തുല്യമാക്കിക്കൊണ്ട് വികസന

പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്ന ദീർഘവീക്ഷണത്തോടെയുള്ള ബഡ്ജറ്റാണിത്.

<u>ശ്രീ. എം. മുരളി:</u> ബഡ്ജറ്റിനെ എതിർക്കുന്നു. പുതിയ വികസന അജണ്ടയായി കൊട്ടിഘോഷിച്ചുകൊണ്ട് കാപട്യങ്ങളുടെ സങ്കലനം മാത്രമാണ് ഈ ബഡ്ജറ്റിലൂടെ കൊണ്ടുവന്നിട്ടുള്ളത്. കേവലം 4 ശതമാനം വർദ്ധനവുമാത്രമാണ് പ്ലാൻ സൈസിൽ ഉണ്ടായിട്ടുള്ളത്. 8 ശതമാനം എക്കണോമിക് ഗ്രോത്ത് പ്രതീക്ഷിക്കുന്നത് സ്വാഗതാർഹമാണ്. മൂലധനച്ചെലവ് കുറച്ചുകൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ക്യാപിറ്റൽ എക്സ്പെന്റിച്ചറിൽ 300 കോടി രൂപയുടെ കുറവ് വരുമ്പോൾ വിലക്കയറ്റവും ഇൻഫ്ളേഷനും ഉണ്ടാവുകയും എക്കണോമിക് ഗ്രോത്ത് കൈവരിക്കാൻ കഴിയാതെ പോകുന്ന സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും. ക്യാപിറ്റൽ എക്സിപെന്റിച്ചറിൽ വരുത്തിയിരിക്കുന്ന വെട്ടിക്കുറവ് അക്ഷന്തവ്യമായ തെറ്റാണ്. കാർഷിക രംഗം ഉൾപ്പെടെ കേന്ദ്ര ഗവൺമെന്റിന്റെ സ്പോൺസേർഡ് സ്കീമുകളാണ് ബഡ്ജറ്റ് പ്രസംഗത്തിലുള്ളത്. മൂന്ന് ജില്ലകളിൽ ആവിഷ്ക്കരിച്ചിട്ടുള്ള നീർത്തട പദ്ധതിയും ഇ.എ.എസും കേന്ദ്ര പദ്ധതികളാണ്. കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾക്കായി 150 കോടി രൂപ അനുവദിച്ചിരിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റേയും ഹഡ്കോയുടേയും ധനസഹായമാണ്. തൊഴിലില്ലായ്മ പരിഹരിക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സൺറൈസ് ഇൻഡസ്ട്രീസിന്, ടൂറിസത്തിന് സംസ്ഥാന വിഹി

തമായി 100 കോടി രൂപ കൊടുത്തപ്പോൾ ഐ.ടി.രംഗത്ത് 43 കോടി രൂപ മാത്രമാണ് കൊടുത്തിട്ടുള്ളത്. കേരള മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷന് ഒരു കോടി രൂപ നൽകി ഒരു ബിസിനസ്സ് പ്ളാൻ തയ്യാറാക്കി രണ്ട് ടൈറ്റാനിയം ഫാക്ടറികളെ സംരക്ഷിച്ചുകൊണ്ട് മെറ്റൽ ഫാക്ടറി സ്ഥാപിക്കാനുള്ള പ്രൊപ്പോസൽ പുന:പരിശോധിക്കണം. നാണ്യവിളകളുടെ വിലയിടിവ് പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ആശ്രയ, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾക്കെതിരെ ഔദ്യോഗികമായ നിലപാട് സ്വീകരിച്ചുകൊണ്ട് അട്ടിമറിച്ചിരിക്കുകയാണ്. കാർഷിക വായ്പയുടെ പലിശനിരക്ക് കുറയ്ക്കാനും വിലക്കയറ്റം നിയന്ത്രിക്കാനുമുള്ള നടപടി സ്വീകരിക്കണം. അധിക വിഭവ സമാഹരണത്തിലൂടെ 1800 കോടി രൂപ വരുമാനം പ്രതീക്ഷിക്കുന്നതിൽ 110 കോടി രൂപയും വിൽപ്പന നികുതിയിൽനിന്നും കിട്ടുന്നതാണ്. കേരളത്തിലെ സാധാരണക്കാരായ ജനങ്ങളുടെ ജീവിതഭാരം വർദ്ധിപ്പിക്കുന്നതും ക്രൂരവും പ്രതികൂലവുമായി ബാധിക്കുന്ന അശാസ്ത്രീയവുമായ നികുതി നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്.

## വ്യക്തിപരമായ വിശദീകരണം

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്ക്): ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. കെ. ഷാജു കെ.എസ്.എഫ്.ഇ.യിൽ പിൻവാതിൽ നിയമനം നടത്തിയെന്നത് സംബന്ധിച്ച് ഉന്നയിച്ച ആരോപണം അടിസ്ഥാനരഹിതമാണ്. കെ.എസ്.എഫ്.ഇ. ഈ വർഷം തന്നെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി ടൈപ്പിസ്റ്റെന്നുള്ള പോസ്റ്റ് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായി മാറ്റാമെന്ന്

ബോർഡ് മീറ്റിംഗിൽ തീരുമാനിച്ച് സർക്കാരിനെ അറിയിക്കുകയുണ്ടായി. സ്പെഷ്യൽ റൂൾസ് ഇല്ലാത്തതിനാലാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമിക്കാൻ കഴിയാത്തത്. ഈ വർഷംതന്നെ കെ.എസ്.എഫ്.ഇ.യുമായി ബന്ധപ്പെട്ട് ഊർജ്ജിതമായ കമ്പ്യൂട്ടർ വൽക്കരണത്തിന്റെ ഭാഗമായി അരിയർ വർക്കുകൾ തീർക്കാനായി കുറച്ചുപേരെ ദിവസക്കൂലി അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായി നിയമിച്ചിട്ടുണ്ട്.. യാതൊരു കാരണവശാലും ഇവരെ സ്ഥിരപ്പെടുത്തില്ല എന്ന ഉറപ്പ് ഈ നിയമസഭയിൽ പറയുകയാണ്. അരിയർ വർക്ക് തീരുന്ന മുറയ്ക്ക് ഇവരെ പിരിച്ചുവിടും.

(സഭ വൈകുന്നേരം 4.30-ന് പിരിഞ്ഞു).

*********** **